പൊതുവിദ്യാഭ്യാസവകുപ്പ് – കേരളം

കണ്ണൂർ ജില്ലാ പഞ്ചായത്ത് – ഡയറ്റ് കണ്ണൂർ



## എസ് എസ് എൽ സി

വിദ്യാർത്ഥികൾക്കുള്ള പഠനപിന്തുണാസഹായി

# SMILE-2023

**Special Module for Improvement of Learning in public Exams**

# = SOCIAL SCIENCE =

# ആമുഖം

കോവിഡാനന്തര കാലഘട്ടത്തിൽ പഠന പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾ നേരിടുന്ന മാനസിക സമ്മർദ്ദവും പഠനാനുഭവങ്ങളും മുന്നിൽ കണ്ട് കൊണ്ട് സുഗമവും ലളിതവുമായ പഠന തന്ത്രങ്ങൾ സ്വീകരിച്ച് കുട്ടികളെ കൈപിടിച്ച് ഉയർത്തേണ്ടത് അധ്യാപക സമൂഹത്തിന്റെ കടമയാണ്. നമ്മുടെ ക്ലാസ്സിലെ ഓരോ കുട്ടിയുടെയും മനസ്സറിഞ്ഞ് പഠന നിലവാരമറിഞ്ഞ് അവർക്ക് ആവശ്യമായ പഠന സാമഗ്രികൾ കൊടുക്കേണ്ടതുണ്ട്. ഈ മൊഡ്യൂൾ അതിന് ഉതകുമെന്ന് കരുതുന്നു. സാമൂഹ്യശാസ്ത്ര വിഷയത്തിൽ കുട്ടികളെ 100 % വിജയത്തിലെത്തിക്കുവാൻ ഈ മൊഡ്യൂൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.


തയ്യാറാക്കിയവർ :

1 കെ. വേണു, GHSS മുണ്ടേരി

2.പി. വിനോദ്, ചപ്പാരപ്പടവ് HSS

3. എം.പി. സലിം, സർ സയ്യിദ് HSS തളിപ്പറമ്പ്

4.രഞ്ജീവ് തോട്ടത്തി, GHSS കൂത്തുപറമ്പ്

5. റിയാസ് KTK, NAM HSS പെരിങ്ങത്തൂർ

# ഉള്ളടക്കം :

## സാമൂഹ്യ ശാസ്ത്രം I


1. ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ.............................. 05
2. ലോകം ഇരുപതാം നൂറ്റാണ്ടിൽ......................................... 07
3. പൊതുഭരണം.............................................................. 08
4. ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പും ........................... 10
5. സംസ്കാരവും ദേശീയതയും ............................................ 11
6. സമരവും സ്വാതന്ത്ര്യവും................................................. 15
7. സ്വാതന്ത്ര്യാനന്തര ഇന്ത്യ................................................. 18
8. കേരളം ആധുനികതയിലേക്ക്.......................................... 19
9. രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും........................................ 21
10. പൗരബോധം............................................................... 22
11. സമൂഹശാസ്ത്രം എന്ത്? എന്തിന് ?........................... 23


## സാമൂഹ്യ ശാസ്ത്രം II


1. ഋതുഭേദങ്ങളും സമയവും ........................................................ 25
2. കാറ്റിന്റെ ഉറവിടം തേടി........................................................... 28
3. മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ ...................... 30
4. ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ ....................................... 32
5. പൊതുചെലവും പൊതു വരുമാനവും .................................... 33
6. ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും...................34
7. വൈവിധ്യങ്ങളുടെ ഇന്ത്യ ............................................................ 36
8. ഇന്ത്യ– സാമ്പത്തിക ഭൂമിശാസ്ത്രം ........................................ 39
9. ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും ............................ 41
10. ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും .................. 42

# സാമൂഹ്യ ശാസ്ത്രം I

# അദ്ധ്യായം : 1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

## അമേരിക്കൻ സ്വാതന്ത്ര്യ സമരം :

**അമേരിക്കൻ സ്വാതന്ത്ര്യ സമരം - കാരണങ്ങൾ :**

- ഇംഗ്ലീഷുകാരുടെ തെറ്റായ നികുതി നയം
- മെർക്കന്റലിസ്റ്റ് നിയമങ്ങൾ.
- ചിന്തകന്മാരുടെ ആശയങ്ങൾ.

**മെർക്കന്റലിസ്റ്റ് നിയമത്തിലെ പ്രധാന വ്യവസ്ഥകൾ :**

- ബ്രിട്ടീഷ് കപ്പലിലൂടെ മാത്രം ചരക്ക് ഗതാഗതം.
- ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റുമതി ചെയ്യാൻ കഴിയൂ
- എല്ലാ രേഖകളിലും ബ്രിട്ടീഷ് സ്റ്റാമ്പ് പതിച്ചിരിക്കണം
- കോളനികളിലെ ബ്രിട്ടീഷ് സൈനികരുടെ ചെലവുകൾ നൽകണം.

**അമേരിക്കൻ സ്വാതന്ത്ര്യ സമര ചിന്തകർ :**

- ജെയിംസ് ഓട്ടിസ്, തോമസ് പെയിൻ.

**ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് :**

- 1774 കോളനികളുടെ പ്രതിനിധികൾ ഫിലാഡൽഫിയയിൽ സമ്മേളിച്ചു.
- വിവിധ ആവശ്യങ്ങൾ ഉന്നയിച്ചു ഇംഗ്ലണ്ടിലെ രാജാവിന് നിവേദനം നൽകി.

**രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ് :**

- 1775 ഫിലാഡൽഫിയയിൽ ചേർന്ന രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസിൽ ജോർജ്ജ് വാഷിങ്ടണിനെ കോണ്ടിനെന്റൽ സൈന്യത്തിന്റെ തലവനായി തെരഞ്ഞെടുത്തു.

**അമേരിക്കൻ സ്വാതന്ത്ര്യസമരം പിൽക്കാല ലോക ചരിത്രത്തിൽ ചെലുത്തിയ സ്വാധീനം:**

- റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടുവച്ചു.
- ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി.
- ഫെഡറൽ രാഷ്ട്രമെന്ന ആശയം ലോകത്തിന് നൽകി.

## ഫ്രഞ്ച് വിപ്ലവം

**കാരണങ്ങൾ :**

- രാജാക്കന്മാരുടെ സ്വേച്ഛാധിപത്യ ഭരണവും ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതം.
- ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക സാമ്പത്തിക അസമത്വം.
- ചിന്തകൻമാരുടെ സ്വാധീനം

**ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹികസാമ്പത്തിക അസമത്വം :**

ഫ്രഞ്ച് സമൂഹത്തെ മൂന്നു തട്ടുകളായി തിരിച്ചിരുന്നു.അവ മൂന്ന് എസ്റ്റേറ്റുകൾ എന്നറിയപ്പെട്ടു.

| ഒന്നാം എസ്റ്റേറ്റ് : പുരോഹിതർ | രണ്ടാം എസ്റ്റേറ്റ് : പ്രഭുക്കന്മാർ | മൂന്നാം എസ്റ്റേറ്റ് : സാധാരണക്കാർ |
|---|---|---|
| എല്ലാ അവകാശങ്ങളും ഉണ്ട്. നികുതി ഭാരമില്ല. | എല്ലാ അവകാശങ്ങളും ഉണ്ട്. നികുതി ഭാരമില്ല. | മുഴുവൻ നികുതി ഭാരവും അവകാശങ്ങൾ ഇല്ല. |

ഫ്രഞ്ച് വിപ്ലവ ചിന്തകർ:

- വോൾട്ടയർ, റൂസ്സോ, മൊണ്ടസ്ക്യൂ.

ഫ്രഞ്ച് വിപ്ലവത്തിന്റെ ലക്ഷ്യങ്ങളും സ്വാധീനവും :

- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു.
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി.

നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ :

- കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി.
- നിരവധി റോഡുകൾ നിർമിച്ചു.
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് രൂപീകരിച്ചു.

## <u>റഷ്യൻ വിപ്ലവം</u>

കാരണങ്ങൾ :

- ഏകാധിപത്യ ഭരണം.
- കർഷകരുടെയും തൊഴിലാളികളുടെയും ദുരിത ജീവിതം
- കാർഷികമേഖലയിലെ കുറഞ്ഞ ഉല്പാദനം.
- കർഷകർക്ക് കൂടുതൽ നികുതിഭാരം.

ചിന്തകന്മാരുടെ സ്വാധീനം :

- കാൾ മാക്സ്, ഫ്രെഡറിക് ഏംഗൽസ്, ലിയോ ടോൾസ്റ്റോയ്.

ഫ്രെബുവരി വിപ്ലവം :

- എതിർപ്പിനെ അവഗണിച്ച് നിക്കോളാസ് രണ്ടാമൻ ഒന്നാം ലോക യുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.
- 1917 ൽ ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി.
- സൈനികർ തൊഴിലാളികളോടൊപ്പം ചേർന്നു പെട്രോഗ്രാഡ് പട്ടണം പിടിച്ചെടുത്തു.
- നിക്കോളാസ് രണ്ടാമൻ സ്ഥാനം ഒഴിയുകയും റഷ്യയിൽ മെൻഷെവിക്ക് നേതാവായ അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽക്കാലിക ഗവൺമെന്റ് നിലവിൽ വന്നു. ഇത് ഫെബ്രുവരി വിപ്ലവം എന്നറിയപ്പെടുന്നു.

ഒക്ടോബർ വിപ്ലവം :

- താൽക്കാലിക ഗവൺമെന്റിനെ സോവിയറ്റുകളിൽ അംഗീകരിച്ചില്ല.
- ലെനിൻ റഷ്യയിലെത്തി താൽക്കാലിക ഗവൺമെന്റിനെ വിമർശിച്ചു.
- ബോൾഷെവിക്കുകൾ സോവിയറ്റുകളും ലെനിന്റെ നിലപാടിനെ പിന്തുണച്ചു.
- 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽക്കാലിക ഗവൺമെന്റിനെ പരാജയപ്പെടുത്തി.
- കെറൻസി രാജ്യം വിടുകയും റഷ്യ ബോൾഷെവിക്കുകളുടെ നിയന്ത്രണത്തിലാവുകയും ചെയ്തു.
- ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.

ഒക്ടോബർ വിപ്ലവത്തിന്റെ ഫലങ്ങൾ :

- ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിന്മാറി.
- ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
- പൊതു ഉടമസ്ഥതക്ക് പ്രാധാന്യം കൊടുത്തു.
- കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി.
- 1924 പുതിയ ഭരണഘടന നിലവിൽ വന്നു.

## ചൈനീസ് വിപ്ലവം

കാരണങ്ങൾ :

- ചൈന ഭരിച്ചിരുന്ന മഞ്ചു രാജവംശം വിദേശ ഇടപെടലിനും, ആധിപത്യത്തിനും അനുകൂലമായ നിലപാട് സ്വീകരിച്ചത്.

ചൈനീസ് വിപ്ലവത്തിൽ ഡോ. സൺയാത് സെന്നിന്റെ പങ്ക് :

- 1911 ഡോ. സൺയാത് സെന്നിന്റെ നേതൃത്വത്തിൽ മഞ്ചു രാജഭരണത്തിനെതിരെ വിപ്ലവം നടന്നു.
- ചൈനയിൽ രാജഭരണത്തിന് അന്ത്യം കുറിച്ചു.
- ദക്ഷിണ ചൈനയിൽ സൺയാത് സെന്നിന്റെ നേതൃത്വത്തിൽ കുമിന്താങ്ങ് പാർട്ടി റിപ്പബ്ലിക്കൻ ഭരണം സ്ഥാപിച്ചു.

ചൈനയെ ജനകീയ റിപ്പബ്ലിക് ആകുന്നതിൽ മാവോസേതുങ് വഹിച്ച പങ്ക് :

- സൈനിക ഏകാധിപത്യ ഭരണത്തിന് എതിരെ ലോങ്ങ് മാർച്ച് നടത്തി.
- ധാരാളം കൃഷിഭൂമിയും, ഗ്രാമങ്ങളും പ്രഭുക്കന്മാരിൽ നിന്ന് പിടിച്ചെടുത്ത് കർഷകർക്ക് നൽകി.
- ചുവപ്പ് സേന കുമിന്താങ് ഭരണത്തിന്റെ കേന്ദ്രം കൈക്കലാക്കി.
- 1949 ഒക്ടോബർ 1 ന് ചൈന മാവോ സെ തുംങിന്റെ നേതൃത്വത്തിൽ ജനകീയ ചൈന റിപ്പബ്ലിക്കായി മാറി.

—-------------------------------------------------------------------------------------------------------

# അദ്ധ്യായം : 2

# ലോകം ഇരുപതാം നൂറ്റാണ്ടിൽ

ഒന്നാം ലോക യുദ്ധം - സൈനിക സഖ്യങ്ങൾ:

- ത്രികക്ഷി സഖ്യം : ജർമ്മനി, ആസ്ട്രിയ - ഹംഗറി, ഇറ്റലി.
- ത്രികക്ഷി സൗഹാർദം : ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ.

സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ :

- മൊറോക്കൻപ്രതിസന്ധി.
- ബാൾക്കൻ പ്രതിസന്ധി.

മൊറോക്കൻ പ്രതിസന്ധി :

- രഹസ്യ കരാറിലൂടെ ഫ്രാൻസിന്റെ മൊറോക്കോയിലെ ആധിപത്യം ബ്രിട്ടൺ അംഗീകരിക്കുന്നു. ഇതിനെതിരെയുള്ള ജർമനിയുടെ എതിർപ്പ് പ്രതിസന്ധിക്ക് കാരണമായി.

ബാൾക്കൻ പ്രതിസന്ധി :

ബാൾക്കൻ പ്രദേശത്ത് ആധിപത്യം ഉറപ്പിക്കാൻ റഷ്യൻ സഹായത്തോടെ സെർബിയയും, ജർമനിയുടെ പിന്തുണയോടെ ആസ്ട്രിയയും ശ്രമിച്ചതാണ് പ്രതിസന്ധികൾക്ക് കാരണം.

ഒന്നാം ലോക യുദ്ധ കാരണങ്ങൾ :

- സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള തർക്കങ്ങൾ
- കോളനികൾക്കു വേണ്ടി യൂറോപ്യൻരാജ്യങ്ങൾതമ്മിൽ നടന്ന മത്സരങ്ങൾ
- സൈനിക സഖ്യങ്ങളുടെ രൂപീകരണം.
- സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ പ്രതിസന്ധികൾ.
- ആസ്ടരിയയുടെ കിരീടാവകാശിയായ ഫ്രാൻസിസ് ഫെർഡിനന്റ് കൊല്ലപ്പെട്ടത്.

**ഒന്നാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ :**

- ദശലക്ഷക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു.
- കൃഷി, വ്യവസായം, വാർത്താവിനിമയം തുടങ്ങിയ മേഖലകൾ തകർന്നു.
- ദാരിദ്ര്യം, തൊഴിലില്ലായ്മ, നാണയപ്പെരുപ്പം എന്നിവ വർധിച്ചു.
- യൂറോപ്പിന്റെ സാമ്പത്തിക മേധാവിത്വം ദുർബലമായി.

**ഫാഷിസത്തിന്റെ സവിശേഷതകൾ :**

- ജനാധിപത്യത്തോടുള്ള വിരോധം
- സോഷ്യലിസത്തോടുള്ള എതിർപ്പ്
- രാഷ്ട്രത്തെ മഹത്വവൽക്കരിക്കൽ
- വംശ മഹിമ ഉയർത്തി പിടിക്കൽ

**രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങൾ :**

- പ്രീണനനയം
- തീവ്രദേശീയത
- ഫാഷിസവും നാസിസവും
- സൈനിക സഖ്യങ്ങളുടെ രൂപീകരണം
- വേഴ്സായ് സന്ധിയിലെ വ്യവസ്ഥകൾ.

**രണ്ടാം ലോകയുദ്ധത്തിന്റെ ഫലങ്ങൾ :**

- ജീവഹാനി
- സാമ്പത്തികത്തകർച്ച
- യൂറോപ്യൻ മേധാവിത്വത്തിന്റെ തകർച്ച
- അപകോളനീകരണം
- ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളിലെ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.
- അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.
- ഐക്യരാഷ്ട്ര സംഘടനയുടെ രൂപീകരണം

---

# അദ്ധ്യായം : 3

# <u>പൊതുഭരണം</u>

**പൊതുഭരണത്തിന്റെ പ്രാധാന്യം:**

- ഗവൺമെൻറ് നയങ്ങൾ രൂപപ്പെടുത്തുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനകീയ പ്രശ്നങ്ങൾക്ക് പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു
- വികസന പദ്ധതികൾ നടപ്പിൽ വരുത്തുന്നു.

**ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ :**

- ശ്രേണിപരമായ സംഘാടനം
- സ്ഥിരത
- യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം
- രാഷ്ട്രീയ നിക്ഷ്പക്ഷത
- വൈദഗ്ധ്യം

വിവിധ തരം ഇന്ത്യൻ സിവിൽ സർവീസ് :

| അഖിലേന്ത്യ സർവീസ് | കേന്ദ്ര സർവീസ് | സംസ്ഥാന സർവീസ് |
|---|---|---|
| -ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>-കേന്ദ്ര സംസ്ഥാന സർവീസിൽ നിയമിക്കുന്നു<br>ഉദാ: IAS, IPS | -ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു<br>- കേന്ദ്ര സർവീസിൽ നിയമിക്കുന്നു<br>ഉദാ: IRS, IFS | -സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നു<br>-സംസ്ഥാന സർവീസിൽ നിയമിക്കുന്നു<br>ഉദാ: സെയിൽസ് ടാക്സ് ഓഫീസർ |

യു. പി. എസ്. സി യും പി. എസ്. സി യും താരതമ്യം :

| UPSC | PSC |
|---|---|
| കേന്ദ്ര തലത്തിലും അഖിലേന്ത്യാ തലത്തിലും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു.<br>UPSC ചെയർമാനെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. | സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നു<br>PSC ചെയർമാനെ നിയമിക്കുന്നത് ഗവർണറാണ്. |

ഭരണ പരിഷ്കാരങ്ങൾ :

- ഇ ഗവേണൻസ്
- അറിയാനുള്ള അവകാശം
- സേവനാവകാശം
- ലോക്പാലും ലോകായുക്തയും
- സെൻട്രൽ വിജിലൻസ് കമ്മീഷൻ
- ഓംബുഡ്സ്മാൻ

ഇ - ഗവേണൻസ് :

- ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഇ - ഗവേണൻസ്.

ഇ - ഗവേണൻസ് - പ്രയോജനങ്ങൾ :

- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം
- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ട
- വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.

ലോക്പാൽ :

- ദേശീയതലത്തിൽ പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനം.

ലോകായുക്ത :

- സംസ്ഥാനതലത്തിൽ അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനമാണ് ലോകായുക്ത.
- കോടതി നടപടികളുടെ രീതിയാണ് ഇവയ്ക്കുള്ളത്.

---

# അദ്ധ്യായം : 4

## ബ്രിട്ടീഷ് ചൂഷണവും ചെറുത്തു നിൽപ്പും

ബ്രിട്ടീഷ് ഭരണത്തിന് കീഴിലുള്ള വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായങ്ങൾ :

| ഭൂനികുതി വ്യവസ്ഥ | നടപ്പിലാക്കിയ പ്രദേശങ്ങൾ |
|---|---|
| ശാശ്വത ഭൂനികുതി വ്യവസ്ഥ | ബംഗാൾ, ബീഹാർ, ഒറീസ്സ |
| റയ്ട്ട് വാരി | ദക്ഷിണേന്ത്യൻ പ്രദേശങ്ങൾ |
| മഹൽവാരി | വടക്ക് പടിഞ്ഞാറ് ഇന്ത്യ |

ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ :

- നികുതി പിരിച്ചെടുത്തത് സെമീന്ദാർമാരായിരുന്നു
- ഭൂമിയുടെ ഉടമസ്ഥൻ സെമിന്ദാർ ആയിരുന്നു
- യഥാർത്ഥ കർഷകൻ കുടിയാന്മാരായി.
- വിളവിന്റെ 60 ശതമാനം വരെ കർഷകർ നികുതിയായി നൽകണമായിരുന്നു

റയട്ട് വാരി വ്യവസ്ഥ :

- ദക്ഷിണേന്ത്യയിൽ നടപ്പിലാക്കിയ ഭൂനികുതി നയം
- കർഷകരിൽ നിന്ന് നേരിട്ട് നികുതി പിരിക്കുന്ന രീതി.

മഹൽവാരി :

- നികുതി പിരിച്ചെടുത്തത് ഗ്രാമത്തലവനായിരുന്നു
- നികുതി നിരക്ക് അമിതമായിരുന്നു
- ഗ്രാമത്തെ ഒരു യൂണിറ്റായി കണക്കാക്കിയിരുന്നു

മാപ്പിള കലാപങ്ങൾ കാരണങ്ങൾ :

- ജന്മിമാരുടെയും ബ്രിട്ടീഷുകാരുടെയും ചൂഷണവും അടിച്ചമർത്തലും
- ജന്മിമാരെ ഭൂവുടമകളായി കണക്കാക്കി.
- ഭൂവുടമകളായിരുന്ന ജന്മിമാരിൽ നിന്ന് സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്ത പാട്ട കുടിയാന്മാരായിരുന്നു തെക്കെ മലബാറിലെ കർഷകർ ഇവരിൽ ഭൂരിഭാഗവും മാപ്പിളമാരായിരുന്നു. അത് കൊണ്ട് ഈ കലാപത്തെ മാപ്പിള കലാപങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു

കുറിച്യ കലാപം 1812 :

- ബ്രിട്ടീഷ്ഷുകാരുടെ ചൂഷണത്തിനെതിരെ വയനാട്ടിൽ നടന്ന ഗോത്ര കലാപം
- കുറിച്യരും കുറുമ്പ്രരുമാണ് കലാപം നടത്തിയത്.
- കലാപം നടന്നത് കുറിച്യ നേതാവായ രാമൻ നമ്പിയുടെ നേതൃത്വത്തിൽ

കുറിച്യ കലാപം - കാരണങ്ങൾ :

- ബ്രിട്ടീഷ്ഷുകാരുടെ അമിത നികുതി
- നികുതി പണമായി അടക്കാൻ നിർബന്ധിച്ചു
- നികുതി അടക്കാത്തവരുടെ കൃഷി ഭൂമി ബ്രിട്ടിഷുകാർ പിടിച്ചെടുത്തു.

ഇന്ത്യൻ തുണി വ്യവസായത്തിന്റെ തകർച്ചയുടെ കാരണങ്ങൾ :

- അസംസ്കൃത വസ്തുക്കളുടെ ഇറക്കുമതി
- യന്ത്രനിർമ്മിത ബ്രിട്ടീഷ് തുണിത്തരങ്ങൾ
- റെയിൽവെയുടെ വ്യാപനം
- ബ്രിട്ടീഷ് ഗവൺമെന്റ് ചുമത്തിയ ഉയർന്ന നികുതി..

1857 ലെ ഒന്നാം സ്വതന്ത്ര്യസമരത്തിന്റെ കാരണങ്ങൾ :

- കർഷകരുടെ ദുരിതങ്ങൾ
- രാജാക്കന്മാരുടെ പ്രശ്നങ്ങൾ
- ശിപായിമാരുടെ ദുരിതങ്ങൾ
- കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം

ശിപായിമാരുടെ ദുരിതങ്ങൾ :

- തുച്ഛമായ ശമ്പളം
- ബ്രിട്ടിഷ് ഉദ്യോഗസ്ഥരിൽ നിന്ന് നേരിട്ട അവഹേളനം
- സൈനികർക്ക് പുതുതായി നൽകിയ എൻഫീൽഡ് തോക്കുകൾ ഉപയോഗിക്കുന്ന തിരകളിൽ പശുവിന്റെയും പന്നിയുടെയും കൊഴുപ്പ് ഉപയോഗിക്കുന്നു എന്ന പ്രചാരണം ഹിന്ദു-മുസ്ലിം മത വികാരങ്ങളെ വ്രണപ്പെടുത്തി.

ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ ഫലങ്ങൾ :

- കലാപത്തെ ബ്രിട്ടീഷ് കാർ അടിച്ചമർത്തി.
- കൃഷിയുടെ വാണിജ്യ വൽക്കരണം
- ഇന്ത്യയുടെ ഭരണം ബ്രിട്ടിഷ് ഈസ്റ്റിന്ത്യാ കമ്പനിയിൽ നിന്ന് ബ്രിട്ടിഷ് പാർലമെന്റ് ഏറ്റെടുത്തു.
- ബ്രിട്ടിഷ് ഭരണത്തിലും നയത്തിലും മാറ്റം വരുത്തി.
- പരാജയമായിരുന്നെങ്കിലും മഹത്തായ സമരമായിരുന്നു.

ചോർച്ച സിദ്ധാന്തം :

- ഇന്ത്യയിലെ ദാരിദ്രത്തിന്റെയും പട്ടിണിയുടെയും കാരണങ്ങളെ കുറിച്ച് 'പോവർട്ടി ആന്റ് ബ്രിട്ടീഷ് റൂൾ ഇന്ത്യ' എന്ന പുസ്തകത്തിൽ ദാദാഭായ് നവറോജി വ്യക്തമാക്കി.

ഇന്ത്യൻ സമ്പത്ത് ബ്രിട്ടനിലേക്ക് ചോർന്നത് എപ്രകാരമായിരുന്നു :

- ഇന്ത്യയിൽ നിന്നുള്ള അസംസ്കൃത വസ്തുക്കളുടെ കയറ്റുമതി.
- ഇന്ത്യയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർക്ക് നൽകുന്ന ശമ്പളവും പെൻഷനും
- ഇന്ത്യയിൽ ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകവഴി ലഭിച്ച ലാഭം
- ഇന്ത്യയിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി.

---

# അദ്ധ്യായം : 5

# സംസ്കാരവും ദേശീയതയും

ഇന്ത്യയിൽ വിദ്യാഭ്യാസരംഗത്ത് ഇടപെടുന്നതായി ബ്രിട്ടീഷ് നിർമിച്ച സ്ഥാപനങ്ങൾ :

- A കോളത്തിന് ശരിയായവ B കോളത്തിൽ നിന്ന് തെരഞ്ഞെടുക്കുക

| | |
|---|---|
| A-ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | 1.വാറൻ ഹേസ്റ്റിംഗ്സ് |
| B-കൽക്കട്ട മദ്രസ | 2.ജോനാഥൻ ഡങ്കൻ |
| C-ബനാറസ് സംസ്കൃത കോളേജ് | 3.വില്യം ജോൺസ് |

ഉത്തരം
A-3 ,B-1,C-2

സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ :

- ഇന്ത്യൻ സമൂഹത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾ എതിർക്കുക.
- എല്ലാ മനുഷ്യർക്കും വഴിനടക്കാനും,വസ്ത്രം ധരിക്കാനും,വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശം നേടിയെടുക്കുക.

സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ :

- ജാതി വ്യവസ്ഥ നിർമാർജനം ചെയ്യുക
- എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക
- സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക .

- എല്ലാവർക്കും വിദ്യാഭ്യാസം നൽകുക .
- വിധവ പുനർവിവാഹം നടപ്പിലാക്കുക .
- ശൈശവ വിവാഹം അവസാനിപ്പിക്കുക

താഴെപ്പറയുന്ന സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ ഏത് മഹാന്മാരുടെതാണെന്ന് പട്ടികപ്പെടുത്തുക :
1)സതി , 2) ബ്രഹ്മസമാജം 3) വിധവ പുനർവിവാഹത്തിന് വേണ്ടി പ്രയത്നിച്ചു. ,4) ശാരദാസദൻ ,5) സ്ത്രീ പദവി ഉയർത്തുന്നതിനു വേണ്ടി സ്വത്തിന്മേൽ അവകാശം ,6)രാഷ്ട്രത്തിൻറെ ഐക്യം ,7)ഒരൊറ്റ ഇന്ത്യൻ സമൂഹം.

ഉത്തരം

| രാജാറാം മോഹൻ റോയ് | ഈശ്വര ചന്ദ്ര വിദ്യാസാഗർ | പണ്ഡിത രമാബായ് |
|---|---|---|
| 1<br>2<br>5<br>6<br>7 | 3 | 4 |

A കോളത്തിൽ അനുയോജ്യമായവ B കോളത്തിൽ നിന്ന് കണ്ടെത്തുക :

| | |
|---|---|
| 1 ആര്യസമാജം | A ശ്രീനാരായണഗുരു |
| 2 രാമകൃഷ്ണ മിഷൻ | B സ്വാമി വിവേകാനന്ദൻ |
| 3 അലിഗഢ് പ്രസ്ഥാനം | C ആനി ബസൻറ് |
| 4 പ്രാർത്ഥനാ സമാജം | D വിരേശലിംഗം |
| 5 തിയോസഫിക്കൽ സൊസൈറ്റി | E ജ്യോതിബാ ഫൂലെ |
| 6 ഹിതകാരിണി സമാജം | F ആത്മാറാം പാണ്ഡുരംഗ് |
| 7 സത്യശോധക് സമാജം | G സ്വാമി ദയാനന്ദ സരസ്വതി |
| 8 സ്വാഭിമാന പ്രസ്ഥാനം | H സർ സയ്യിദ് അഹമ്മദ് ഖാൻ |
| 9 ശ്രീനാരായണ ധർമ്മ പരിപാലന യോഗം | Iഇ.വി. രാമസ്വാമി നായ്ക്കർ |

ഉത്തരം
1-G, 2-B, 3-H, 4-F, 5-C, 6-D, 7-E, 8-I, 9-A.

ബ്രിട്ടീഷുകാർ നിയമം മൂലം നിരോധിച്ച സാമൂഹിക അനാചാരങ്ങൾ :
- അടിമത്തം നിരോധിച്ചു
- സതി നിരോധിച്ചു
- പെൺശിശുഹത്യ നിരോധിച്ചു
- വിധവ പുനർവിവാഹം നടപ്പിലാക്കി
- ശൈശവ വിവാഹവും ബഹുഭാര്യത്വവും നിരോധിച്ചു

**ദേശീയത രൂപപ്പെടുന്നതിൽ സാഹിത്യത്തിനുള്ള പങ്ക് :**

| | | |
|---|---|---|
| കവിതകൾ | സാരേ ജഹാംസെ അച്ച ഹിന്ദുസ്ഥാൻ ഹമാര | ഉറുദു കവി അലാമ മുഹമ്മദ് ഇഖ്ബാൽ |
| നാടകങ്ങൾ | നീൽ ദർപ്പൺ | ദിനബന്ധു മിത്ര |
| നോവലുകൾ | ആനന്ദമഠം<br>സന്യാസി കലാപം | ബങ്കിം ചന്ദ്ര ചാറ്റർജി<br>ദേശീയഗീതം -വന്ദേമാതരം |

**അനുയോജ്യമായ വിധത്തിൽ പൂരിപ്പിക്കുക :**

| കൃതികൾ | എഴുത്തുകാർ | ഭാഷ |
|---|---|---|
| ഗോര | A | ബംഗാളി |
| സേവാസദൻ | B | H |
| പാഞ്ചാലി ശപഥം | സുബ്രഹ്മണ്യ ഭാരതി | I |
| ഗീതാഞ്ജലി | C | ബംഗാളി |
| പ്രേമാശ്രമം | പ്രേംചന്ദ് | J |
| കളിപ്പാട്ട് | D | തമിഴ് |
| രംഗഭൂമി | E | ഹിന്ദി |
| കണ്ണൻ പാട്ട് | F | തമിഴ് |
| ഗോദാൻ | പ്രേംചന്ദ് | K |
| കുയിൽ പാട്ട് | G | തമിഴ് |

**ഉത്തരം :**

A) രവീന്ദ്രനാഥ ടാഗോർ B) പ്രേംചന്ദ് C) ടാഗോർ D) സുബ്രഹ്മണ്യ ഭാരതി E) പ്രേംചന്ദ് F) സുബ്രഹ്മണ്യ ഭാരതി G) സുബ്രഹ്മണ്യ ഭാരതി H) ഹിന്ദി I) തമിഴ് J) ഹിന്ദി K) ഹിന്ദി.

**ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസം വഹിച്ച പങ്ക് -പട്ടിക പൂർത്തിയാക്കുക :**

| സ്ഥാപനങ്ങൾ | വ്യക്തികൾ | ആശയങ്ങൾ |
|---|---|---|
| ഡക്കാൻ എഡ്യുക്കേഷൻ സൊസൈറ്റി | _A._________ | ദേശീയ കാഴ്ചപ്പാടോടെ ഇന്ത്യയിൽ രൂപീകൃതമായ സ്ഥാപനം |
| വനിതാ സർവ്വകലാശാല | ഡി.കെ. കാർ വെ | B.____________ |

| | | |
|---|---|---|
| വിശ്വഭാരതി സർവ്വകലാശാല | C___________ | അന്തർദേശീയ സാഹോദര്യം .<br>പാശ്ചാത്യ പൗരസ്ത്യ സംസ്കാര യോജനം |
| ജാമിയ മില്ലിയ ഇസ്ലാമിയ | D_________ | മതേതരത്വ വിദ്യാഭ്യാസം |
| വാർധാ വിദ്യാഭ്യാസ പദ്ധതി | E–----------. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം |
| കേരള കലാമണ്ഡലം | വള്ളത്തോൾ | F.__________ |

ഉത്തരം
A ജി.ജി. അഗാർക്കർ , ബാല ഗംഗാധര തിലക് മഹാദേവ ഗോവിന്ദ റാനഡെ
B വനിതാ സർവ്വകലാശാല
C രവീന്ദ്രനാഥ ടാഗോർ
D മതേതര വിദ്യാഭ്യാസം
E മഹാത്മാഗാന്ധി
F പാരമ്പര്യ കലാ രൂപങ്ങളെ ഉദ്ധരിക്കൽ

ദേശീയത രൂപപ്പെടുന്നതിൽ കലയുടെ പങ്ക് :

| | |
|---|---|
| ഭാരത് മാത, ഇന്ത്യൻ സൊസൈറ്റി<br>ഓഫ് ഓറിയൻറൽ ആർട്സ് | അബനീന്ദ്രനാഥ ടാഗോർ |
| സതി<br>ഗ്രാമീണ ചെണ്ടക്കാരൻ | നന്ദലാൽ ബോസ് |
| ദേശീയ ഗാനം | രവീന്ദ്രനാഥ ടാഗോർ |
| ത്രിവർണ്ണപതാക | 8 താമരയും ഒരു ചന്ദ്രക്കലയും<br>ഹിന്ദു- മുസ്ലിം ഐക്യം |
| ദേശീയ പതാക | ചർക്ക -സ്വാശ്രയത്വം |
| ദേശീയമുദ്ര | സാരാനാഥിലെ<br>അശോകസ്തംഭത്തിൽ നിന്ന് |

–-------------------------------------------------------------------------------------------------------------------

# അദ്ധ്യായം : 6
# സമരവും സ്വാതന്ത്ര്യവും

ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ പട്ടികപ്പെടുത്തുക :
ബീഹാർ ,ഗുജറാത്ത് ,1917,1918, ഖേഡയിലെ കർഷക സമരം ,ചമ്പാരൻ സത്യാഗ്രഹം ,അഹമ്മദാബാദ് തുണിമിൽ സമരം, ഗുജറാത്ത് .

ഉത്തരം

| | | |
|---|---|---|
| ചമ്പാരനിലെ നീലം കർഷകരുടെ സമരം | ബീഹാർ | 1917 |
| അഹമ്മദാബാദിലെ തുണിമിൽ സമരം | ഗുജറാത്ത് | 1918 |
| ഖേഡയിലെ കർഷക സമരം | ഗുജറാത്ത് | 1918 |

ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ പ്രത്യേകതകൾ :

| | | |
|---|---|---|
| ചമ്പാരൻ | നീലം കർഷകരുടെ സമരം | പ്രാഥമിക വിദ്യാലയങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ വൈദ്യസഹായം |
| അഹമ്മദാബാദ് തുണിമിൽ സമരം | പ്ലേഗ് ബോണസ് | ശമ്പള വർദ്ധനവ് കിട്ടി |
| ഖേഡ കർഷകസമരം | വരൾച്ചയും കൃഷിനാശവും ഉണ്ടായപ്പോൾ നികുതി ചുമത്തി. | സർക്കാർ നികുതി ഇളവുകൾ നൽകി |

ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ കാല സമരങ്ങളുടെ ഫലങ്ങൾ :
- ഗാന്ധിജിയുടെ സമര രീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയപ്പെടാൻ അവസരം ലഭിച്ചു.
- വിദ്യാസമ്പന്നരിൽ മാത്രം ഒതുങ്ങിയ സമരം സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു .
- പട്ടണങ്ങളിൽ മാത്രം ഒതുങ്ങിയ സമരം ഗ്രാമപ്രദേശങ്ങളിലും വ്യാപിച്ചു .
- ഗാന്ധിജി എല്ലാ ജനങ്ങൾക്കും സ്വീകാര്യനായ നേതാവായി മാറി .

റൗലറ്റ് ആക്ട് :
- ഏതൊരാളെയും അറസ്റ്റ് ചെയ്തു വിചാരണ കൂടാതെ തടങ്കലിൽ വെക്കാമായിരുന്നു .

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭം ഏത് ?
- നിസ്സഹകരണ സമരം

ഗാന്ധിജിയെ നിസ്സഹകരണസമരം പ്രഖ്യാപിക്കാൻ പ്രേരിപ്പിച്ച ഘടകം ഏത് ?
- റൗലറ്റ് വിരുദ്ധ സമരം നൽകിയ ആത്മവിശ്വാസം .

നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ :
- വക്കീലന്മാർ കോടതി ബഹിഷ്കരിക്കുക.
- വിദേശ വസ്തുങ്ങൾ ബഹിഷ്കരിക്കുക.
- തിരഞ്ഞെടുപ്പ്കൾ ബഹിഷ്കരിക്കുക
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക
- നികുതികൾ നൽകാതിരിക്കുക
- വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക

നിസ്സഹകരണ സമരത്തിൽ ബഹിഷ്കരണത്തോടൊപ്പം നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ :
- ചർക്കയിൽ നൂൽ നൂറ്റി ഖാദി വസ്ത്രങ്ങൾ നെയ്തു
- അയിത്തോച്ചാടന പ്രവർത്തനങ്ങൾ
- ഹിന്ദി പ്രചാരണം

നിസ്സഹകരണ സമര കാലത്ത് ആരംഭിച്ച ദേശീയ വിദ്യാലയങ്ങൾ:
- ഗുജറാത്ത് വിദ്യാപീഠം
- കാശി വിദ്യാപീഠം
- ജാമിയ മില്ലിയ.

ഖിലാഫത്ത് പ്രസ്ഥാനത്തിന് ഇന്ത്യയിൽ നേതൃത്വം നൽകിയത് ആരൊക്കെ :
- മൗലാനാ മുഹമ്മദലി
- മൗലാനാ ഷൗക്കത്തലി

ഗാന്ധിജി കിലാഫത്ത് പ്രസ്ഥാന നേതാക്കളോടൊപ്പം ഇന്ത്യയിലുടനീളം സഞ്ചരിച്ചതിന്റെ ഫലം :
- ഹിന്ദു -മുസ്ലിം ഐക്യം
- ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി .

ഗാന്ധിജി നിസ്സഹകരണ പ്രസ്ഥാനം നിർത്തി വെക്കാൻ കാരണം :
- ചൗരി ചൗരാ സംഭവം

ലാഹോർ കോൺഗ്രസ്.1929 :
- ജവഹർലാൽ നെഹ്‌റുവിൻറെ അധ്യക്ഷത
- അന്തിമലക്ഷ്യം പൂർണ്ണസ്വരാജ്
- ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു

സിവിൽ നിയമലംഘനത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവച്ച ആവശ്യങ്ങൾ :
- സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കുക
- ഇന്ത്യക്കാരെ നിരീക്ഷിക്കുന്നതിനുള്ള രഹസ്യാന്വേഷണ വിഭാഗത്തെ പിരിച്ച് വിടുക
- രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക

ഉപ്പ് സത്യാഗ്രഹ കേന്ദ്രങ്ങൾ പട്ടികപ്പെടുത്തുക :

| | |
|---|---|
| കേരളം | A |
| തമിഴ് നാട് | വേദാരണ്യം |
| ബംഗാൾ | B |
| മഹാരാഷ്ട്ര | മുംബൈ |
| ഗുജറാത്ത് | ധരാസന |

ഉത്തരം :
A)പയ്യന്നൂർ
B)നവഖാലി

ക്വിറ്റിന്ത്യാ സമരം :
- ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം .
- ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരം.
- എല്ലാ അധികാരങ്ങളും ഇന്ത്യക്ക് കൈമാറി ബ്രിട്ടീഷുകാർ ഇന്ത്യ വിടുക .

ക്വിറ്റിന്ത്യാ സമര കാരണങ്ങൾ :

- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച് വൈമനസ്യം .
- വിലക്കയറ്റവും ക്ഷാമവും .
- രണ്ടാം ലോക യുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ

ക്വിറ്റിന്ത്യാ സമരത്തിന്റെ  ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ :

- നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- കർഷകർ ഭൂനികുതി കൊടുക്കരുത് .
- സർക്കാർ ജീവനക്കാർ രാജിവെക്കാതെ ദേശീയ പ്രസ്ഥാനത്തോട് കൂറ് പരസ്യമാക്കണം .
- പട്ടാളക്കാർ സ്വന്തം ആൾക്ക് നേരെ വെടിവെക്കാൻ വിസ്സമ്മതിക്കണം .
- സ്വാതന്ത്ര്യപ്രാപ്തി വരെ പിടിച്ചുനിൽക്കാൻ കഴിയുമെങ്കിൽ വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം .

സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്ര ബോസിന്റെ പങ്ക് :

- ഫോർവേഡ് ബ്ലോക്ക് രൂപീകരിച്ചു .
- INA യുടെ നേതൃത്വം ഏറ്റെടുത്തു .
- ഇംഫാലിൽ ദേശീയ പതാക ഉയർത്തി .
- ഗാന്ധിയൻ സമര രീതികളോട് വിയോജിപ്പ് പ്രകടിപ്പിച്ചു .
- സിംഗപ്പൂരിൽ വെച്ച് ഭാരതത്തിന് താൽക്കാലിക ഗവൺമെൻറ് രൂപീകരിച്ചു .
- ഝാൻസി റാണി  റെജിമെൻറ് രൂപീകരിച്ചു.

മൗണ്ട് ബാറ്റൺ പദ്ധതി :

- പഞ്ചാബും ബംഗാളും രണ്ടായി വിഭജിക്കേണ്ടതാണ്.
- മുസ്ലിം ഭൂരിപക്ഷമുള്ള പ്രദേശത്ത് അവർ ആഗ്രഹിക്കുകയാണെങ്കിൽ ഒരു പ്രത്യേക രാജ്യം അനുവദിക്കേണ്ടതാണ്.
- വടക്ക് പടിഞ്ഞാറൻ അതിർത്തി സംസ്ഥാനം പാക്കിസ്ഥാനിൽ ചേർക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതിന് ഒരു ഹിതപരിശോധന നടത്തുന്നതാണ്.
- ബംഗാളിലെയും പഞ്ചാബിലെയും ഹിന്ദു മുസ്ലിം സംസ്ഥാനങ്ങളുടെ അതിർത്തി നിർണയിക്കുന്നതിന് ഒരു അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുന്നതാണ് .

---

# അദ്ധ്യായം : 7

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

സ്വാതന്ത്ര്യാനന്തര ഇന്ത്യ അഭിമുഖീകരിച്ച പ്രധാനവെല്ലുവിളികൾ :

- അഭയാർത്ഥി പ്രവാഹം
- നാട്ടുരാജ്യങ്ങളുടെ സംയോജനം
- ഭരണഘടനാ രൂപീകരണവും പൊതുതെരഞ്ഞെടുപ്പും
- ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന രൂപീകരണം

നാട്ടുരാജ്യങ്ങളുടെ സംയോജനം :

- 600-ൽ പരം നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന്റെചുമതല സർദാർ വല്ലഭായി പട്ടേലിന് നൽകി
- സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് സെക്രട്ടറിയായി മലയാളിയായ വി പി മേനോനെ നിയമിച്ചു.
- പട്ടേലും വി പി മേനോനും ചേർന്ന് ലയന കരാർ രൂപീകരിച്ചു .
- പ്രതിരോധം ,വിദേശകാര്യം ,വാർത്താവിനിമയം ,എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ അവ കേന്ദ്രസർക്കാറിന് കൈമാറണം.
- ലയന കരാർ ഒപ്പ് വെക്കാതെ മാറി നിന്ന നാട്ടുരാജ്യങ്ങൾ : ജൂനഗഡ് ,ഹൈദരാബാദ് ,കാശ്മീർ
- 1954 ൽഫ്രാൻസ് -മാഹി ,യാനം ,കാരക്കൽ ,പോണ്ടിച്ചേരി എന്നീ പ്രദേശങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേർന്നു
- 1961ൽ പോർട്ടുഗലിന്റെ അധിന പ്രദേശങ്ങൾ ഗോവ ,ദാമൻ,ദിയു ഇന്ത്യൻ യൂണിയനിൽ ചേർന്നു.

സംസ്ഥാന പുനഃസംഘടന കമ്മീഷൻ അംഗങ്ങൾ :

- ജസ്റ്റിസ് ഫസൽ അലി ( അധ്യക്ഷൻ )
- H N കുൻസ്രു
- കെ .എം .പണിക്കർ

ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ :

- ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- ലോകോത്തര നിലവാരമുള്ള 5 IIT കൾ സ്ഥാപിച്ചു
- മെഡിക്കൽ വിദ്യാഭ്യാസം

ബഹിരാകാശ ഗവേഷണ നേട്ടങ്ങൾ :

- ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി
- ISRO
- തുമ്പ -ആദ്യത്തെ റോക്കറ്റ് വിക്ഷേപണ കേന്ദ്രം
- ആര്യഭട്ട എന്ന ഉപഗ്രഹം
- നാഷണൽ റിമോട്ട് സെൻസിങ് ഏജൻസി.
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി
- അഗ്നി ,പൃഥ്വി ,മിസൈലുകൾ
- ചാന്ദ്രയാൻ - ചാന്ദ്ര പര്യവേഷണം
- മംഗൾയാൻ–ചൊവ്വ പര്യവേഷണം

ഇന്ത്യൻ വിദേശ നയം :

- ചേരിചേരായ്മ
- വംശീയ വാദത്തോടുള്ള വിദ്വേഷം
- പഞ്ചശീല തത്വങ്ങൾ
- സാമ്രാജ്യത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള വിദ്വേഷം
- പഞ്ചശീല തത്വങ്ങളുടെ രൂപീകരണം

പഞ്ചശീല തത്വരൂപീകരണം

- ഇന്ത്യ ചൈന കരാർ
- നെഹ്രുവും ചൗ എൻ ലായിയും സംയുക്ത പ്രസ്താവനയിൽ ഒപ്പുവെച്ച കരാർ

**പഞ്ചശീല തത്വങ്ങൾ :**

- പരസ്പരം അക്രമിക്കാതിരിക്കൽ
- ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കൽ
- സമാധാനപരമായ സഹവർത്തിത്ത്വം പാലിക്കുക
- സമത്വവും പരസ്പര സഹായവും
- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.

---

# അദ്ധ്യായം : 8
# കേരളം ആധുനികതയിലേക്ക്

**കേരളത്തിൽ നടന്ന ആഭ്യന്തര സംഘടിത കലാപം :**

- ആറ്റിങ്ങൽ കലാപം

**മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ്ണ ഗ്രന്ഥം :**

- സംക്ഷേപ വേദാർത്ഥം

**കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല ചെറുത്തു നിൽപ്പുകൾക്ക് നേതൃത്വം നൽകിയവർ അതിന്റെ കാരണങ്ങൾ എന്നിവ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കുക :**

| നേതൃത്വം | കാരണങ്ങൾ |
|---|---|
| കേരള വർമ്മ പഴശ്ശി രാജ | മൈസൂരിലെ ഭരണാധികാരികൾക്കെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതിന് പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വിജയിച്ച ശേഷം വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുകാർ തയ്യാറായില്ല. |
| വേലുത്തമ്പി ദളവ | തിരുവിതാംകൂറിലെ ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടീഷുകാർ അനിയന്ത്രിതമായി ഇടപെട്ടതിന് എതിരെയുള്ള പ്രതിഷേധം |
| പാലിയത്തച്ചൻ | കൊച്ചിയിലെ ആഭ്യന്തര കാര്യങ്ങളിൽ ബ്രിട്ടീഷുകാർ അനിയന്ത്രിതമായി ഇടപെട്ടതിന് എതിരെയുള്ള പ്രതിഷേധം |

**വൈക്കം സത്യാഗ്രഹം :**

- വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണ്ണ ജാതിക്കാർക്ക് അനുവാദം ലഭിച്ചു.

**ഗുരുവായൂർ സത്യാഗ്രഹം :**

- ക്ഷേത്രങ്ങളിൽ എല്ലാ ജാതിയിൽ പെട്ട ഹിന്ദുക്കൾക്കും പ്രവേശനം അനുവദിച്ചു (ക്ഷേത്രപ്രവേശന വിളംബരം 1936 നവംബർ 12)

കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താക്കൾ, അവർ സ്ഥാപിച്ച പ്രസ്ഥാനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പട്ടിക പൂർത്തീകരിക്കുക :

| സാമൂഹ്യ പരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| വൈകുണ്ഠസ്വാമികൾ | (എ) |
| ( ബി) | സാധുജന പരിപാലന സംഘം |
| മന്നത്ത് പത്മനാഭൻ | (സി) |
| ( ഡി) | യോഗക്ഷേമസഭ |
| സഹോദരൻ അയ്യപ്പൻ | (ഇ) |
| ( എഫ്) | തിരുവിതാംകൂർ മുസ്ലിം മഹാജനസഭ |

(A) സമത്വം സമാജം
(B) അയ്യങ്കാളി
(C) നായർ സർവീസ് സൊസൈറ്റി
(D) വി ടി ഭട്ടതിരിപ്പാട്
(E) സഹോദര പ്രസ്ഥാനം
(F) വക്കം അബ്ദുൽ ഖാദർ മൗലവി

കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിൽ സ്ത്രീകളുടെ പങ്ക് വിലയിരുത്തുക :

- വിദേശ വസ്ത്ര ബഹിഷ്കരണം, മദ്യഷാപ്പ് പിക്കറ്റിംഗ്, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം , ഖാദി പ്രചാരണം എന്നിവയിലൊക്കെ സ്ത്രീകളുടെ പങ്കാളിത്തം.
- 1931 -ൽ കോൺഗ്രസിന്റെ വടകര സമ്മേളനത്തിൻറെ ഭാഗമായി മഹിളാ സമ്മേളനം ചേർന്നു.
- മലബാറിൽ എ വി കുട്ടിമാളു അമ്മയും തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ, ആനി മസ്കീൻ തുടങ്ങിയവരും ദേശീയ പ്രക്ഷോഭത്തിന് നേതൃത്വം നൽകി.

ആധുനിക വ്യവസായം കേരളത്തിൽ :

- പുനലൂർ പേപ്പർ മിൽ
- കളമശ്ശേരിയിലെ ഫാക്ട്(FACT)
- കുണ്ടറ സിറാമിക്സ്
- ടാറ്റാ ഓയിൽ മിൽസ്
- റബ്ബർ വർക്സ്

' എ' കോളത്തിന് യോജിച്ചവ ' ബി' കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക :

| A | B |
|---|---|
| മലയാളി മെമ്മോറിയൽ<br>ഒന്നേകാൽ കോടി മലയാളികൾ<br>ക്ഷേത്ര പ്രവേശന വിളംബരം<br>പ്രത്യക്ഷ രക്ഷാ ദൈവസഭ<br>ലണ്ടൻ മിഷൻ സൊസൈറ്റി | ഇഎംഎസ് നമ്പൂതിരിപ്പാട്<br>കുമാര ഗുരുദേവൻ<br>ശ്രീചിത്തിര തിരുനാൾ<br>ബാലരാമവർമ്മ<br>ബാരിസ്റ്റർ ജി പി പിള്ള<br>തിരുവിതാംകൂർ |

- മലയാളി മെമ്മോറിയൽ - ബാരിസ്റ്റർ ജി പി പിള്ള
- ഒന്നേകാൽ കോടി മലയാളികൾ - ഇഎംഎസ് നമ്പൂതിരിപ്പാട്
- ക്ഷേത്രപ്രവേശന വിളംബരം - തിരുവിതാംകൂർ
- പ്രത്യക്ഷ രക്ഷാ ദൈവസഭ - കുമാര ഗുരുദേവൻ
- ലണ്ടൻ മിഷൻ സൊസൈറ്റി - ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ.

---

# അദ്ധ്യായം : 9

# <u>രാഷ്ട്രവും രാഷ്ട്രതന്ത്ര ശാസ്ത്രവും</u>

രാഷ്ട്രം - നിർവചനം :

- ഒരു നിശ്ചിത പ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടു കൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

രാഷ്ട്രത്തിന്റെ വിവിധ ഘടകങ്ങൾ :

- ജനങ്ങൾ, ഗവൺമെൻറ്, പരമാധികാരം, ഭൂപ്രദേശം.

രാഷ്ട്രത്തിനുവേണ്ടി ഗവൺമെൻറുകൾ നിർവഹിക്കുന്ന ചുമതലകൾ പട്ടികപ്പെടുത്തുക :

- ക്രമസമാധാനം ഉറപ്പുവരുത്തുക
- തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക
- വികസന പദ്ധതികൾ നടപ്പിലാക്കുക .

രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ, വിവേചനപരമായ ചുമതലകൾ താരതമ്യം ചെയ്യുക :

- നിർബന്ധിത ചുമതലകൾ : രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവഹിക്കേണ്ടത്.
- വിവേചനപരമായ ചുമതലകൾ : രാഷ്ട്രത്തിന്റെ സാമ്പത്തീക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ടത്.

രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ, വിവേചനപരമായ ചുമതലകൾ പട്ടികപ്പെടുത്തുക :

| നിർബന്ധിത ചുമതല | വിവേചനപരമായ ചുമതല |
|---|---|
| അതിർത്തി സംരക്ഷണം<br>ആഭ്യന്തര സമാധാനം<br>നീതി നടപ്പാക്കൽ | ആരോഗ്യ സംരക്ഷണം നൽകുക<br>വിദ്യാഭ്യാസ സൗകര്യം ഒരുക്കുക<br>ക്ഷേമപദ്ധതികൾ നടപ്പാക്കുക<br>അവകാശ സംരക്ഷണം. |

പൗരത്വം രണ്ടു തരം :

സ്വാഭാവിക പൗരത്വം :

- ജന്മനാ ലഭിക്കുന്ന പൗരത്വം.

ആർജ്ജിത പൗരത്വം :

- ഒരു രാജ്യത്ത് നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വം.

പദസൂര്യൻ പൂർത്തിയാക്കുക :

ശക്തി സിദ്ധാന്തം




- ദൈവദത്ത സിദ്ധാന്തം, പരിണാമ സിദ്ധാന്തം, സാമൂഹിക ഉടമ്പടി സിദ്ധാന്തം

പരമാധികാരം :

- ബാഹ്യ നിയന്ത്രണങ്ങളില്ലാതെ ആഭ്യന്തര വിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനും ഉള്ള രാഷ്ട്രത്തിന്റെ അധികാരം..

**രണ്ട് തലത്തിലുള്ള പരമാധികാരങ്ങൾ :**
- ആഭ്യന്തര തലം : ഭൂപ്രദേശ പരിധിക്കുള്ളിൽ എല്ലാ വിഷയത്തിലും തീരുമാനമെടുക്കൽ .
- ബാഹ്യതലം : അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കൽ.

**രാഷ്ട്രതന്ത്ര ശാസ്ത്രത്തിന്റെ പിതാവ് :**
- അരിസ്റ്റോട്ടിൽ

**രാഷ്ട്രതന്ത്രശാസ്ത്രം നിർവചിക്കുക :**
- രാഷ്ട്രത്തെ കുറിച്ചും ഗവൺമെമെന്റിനെ കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്ര ശാസ്ത്രം.

---

# അദ്ധ്യായം : 10
# പൗരബോധം

**പദസൂര്യൻ പൂർത്തിയാക്കുക :**
**പൗര ബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ്?**




- വിദ്യാഭ്യാസം - സംഘടനകൾ - മാധ്യമങ്ങൾ - ജനാധിപത്യ വ്യവസ്ഥ

**പൗരബോധം നേരിടുന്ന വെല്ലുവിളികൾ : അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ :**
- പൊതു താൽപര്യങ്ങളെ അവഗണിച്ച് സ്വന്തം താൽപര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയ്യാറാവുക.

**പരിഹാരമാർഗ്ഗങ്ങൾ :**
- സ്വയം വിമർശനം
- സ്വയം മാറുക
- പൊതുതാൽപര്യം ഹനിക്കാതെ സ്വന്തം താല്പര്യത്തിന് വേണ്ടി ശ്രമിക്കുക
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യ പരിഗണന നൽകുക.

**പൗരബോധം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് :**
- കുട്ടികളിൽ മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രബോധം എന്നിവ വളർത്തിയെടുക്കുവാൻ വിദ്യാഭ്യാസം സഹായിക്കുന്നു.

**പൗരബോധം രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക് :**
- ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മക ആശയ രൂപീകരണത്തിലേക്ക് വ്യക്തിയെ പ്രാപ്തനാക്കുന്നു.

**പൗരബോധം രൂപപ്പെടുത്തുന്നതിൽ ജനാധിപത്യ വ്യവസ്ഥിതിയുടെ പങ്ക് :**
- എല്ലാവരും നിയമത്തിന് വിധേയരാണ് അതുപോലെതന്നെ ജനാധിപത്യ നിയമവാഴ്ച യിൽ എല്ലാവരും വിശ്വസിക്കുന്നു.
- ജനാധിപത്യം ഒരു ഭരണ ക്രമം എന്നതിലുപരി ജീവിത ശൈലിയാണ്

---

# അദ്ധ്യായം 11

# <u>സമൂഹശാസ്ത്രം എന്ത്? എന്തിന് ?</u>

**സമൂഹ ശാസ്ത്രത്തിന്റെ ആവിർഭാവത്തിനു കാരണമായ വിപ്ലവങ്ങൾ :**

- ശാസ്ത്ര വിപ്ലവം
- ഫ്രഞ്ച് വിപ്ലവം
- വ്യവസായ വിപ്ലവം

**സമൂഹ ശാസ്ത്രത്തിന്റെ പിതാവ് :**

- അഗസ്റ്റ് കോംതെ.

**സമൂഹശാസ്ത്രം :**

- മനുഷ്യജീവിതത്തിന്റെ സാമൂഹിക വശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം.

**സമൂഹശാസ്ത്ര പഠനരീതികൾ ഏതൊക്കെയെന്ന് കാണിക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക :**

സോഷ്യൽ സർവ്വേ




- അഭിമുഖം - നിരീക്ഷണം - കേസ് സ്റ്റഡി

**സോഷ്യൽ സർവ്വേ :**

- തിരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തുന്ന സർവ്വേ

**അഭിമുഖം :**

വാമൊഴിയായി വിഭവ ശേഖരണം നടത്തുന്നു. വ്യക്തികളുടെ മനോഭാവം കാഴ്ചപ്പാട് ജീവിത ശൈലി വിശ്വാസം തുടങ്ങിയ കാര്യങ്ങൾ അറിയുന്നതിനും വിശകലനം നടത്തുന്നതിനും ഉപയോഗിക്കുന്നു

**നിരീക്ഷണം :**

- കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതി

**രണ്ടു തരം നിരീക്ഷണം :**

- പങ്കാളിത്ത നിരീക്ഷണം
- പങ്കാളിത്ത രഹിത നിരീക്ഷണം

**കേസ് സ്റ്റഡി :**

- ഒരു സാമൂഹിക വിഷയത്തെ കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി.

---

# സാമൂഹ്യ ശാസ്ത്രം II

# അദ്ധ്യായം : 1

# ഋതുഭേദങ്ങളും സമയവും

ഋതുഭേദങ്ങൾക്ക് കാരണം :

- സൂര്യന്റെ അയനം
- അച്ചുതണ്ടിന്റെ സമാന്തരത
- ഭൂമിയുടെ പരിക്രമണം

കോളത്തിനനുയോജ്യമായവ ചുവടെ നിന്നും തെരഞ്ഞെടുത്ത് എഴുതുക :

| | |
|---|---|
| 365 1/4 ദിവസം കൊണ്ട് ഭൂമി സൂര്യനെ ദീർഘവൃത്താകൃതിയിൽ വലം വയ്ക്കുന്നു. | |
| ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ നിന്ന് $66\ 1/2^0$ യും ലംബതലത്തിൽ നിന്ന് $23\ 1/2^0$ യും ചരിവ് | |
| അച്ചുതണ്ടിന്റെ ചരിവ് പരിക്രമണ വേളയിലുടനീളം നിലനിർത്തുന്നു. | |

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത

ചുവടെ നൽകിയ ചിത്രത്തെ ആസ്പദമാക്കി വിഷുങ്ങൾ,ഗ്രീഷ്മഅയനാന്തദിനം , ശൈത്യഅയനാന്തദിനം എന്നിവയുടെ സവിശേഷതകൾ തിരിച്ചറിയുക :




വിഷുവങ്ങൾ / സമരാത്ര ദിനങ്ങൾ :

- മാർച്ച് 21, സപ്റ്റംബർ 23 എന്നീ ദിവസങ്ങളിൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ.
- ഉത്തരാർദ്ധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും തുല്യ അളവിൽ സൂര്യ പ്രകാശം.
- രണ്ട് അർദ്ധഗോളങ്ങളിലും രാത്രിയുടേയും പകലിന്റേയും ദൈർഘ്യം തുല്യമായിരുക്കും.

ഗ്രീഷ്മ അയനാന്തദിനം :

- ജൂൺ 21 ഗ്രീഷ്മ അയനാന്തദിനം
- സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായന രേഖയുടെ നേർമുകളിൽ എത്തുന്ന ദിനം
- ഉത്താരാദ്ധഗോളത്തിൽ ദൈർഘ്യമേറിയ പകലും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

ശൈത്യ അയനാന്തദിനം :

- ഡിസംബർ 22 ശൈത്യ അയനാന്തദിനം
- സൂര്യന്റെ ആപേക്ഷിക സ്ഥാനം ദക്ഷിണായന രേഖയുടെ നേർമുകളിൽ എത്തുന്നു.
- ദക്ഷിണാർധഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ പകലും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു.

സൂര്യന്റെ അയനം :

- ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനം ഉത്തരായന രേഖക്കും ദക്ഷിണായന രേഖക്കുമിടയിലായി നീങ്ങുന്നു. അച്ചുതണ്ടിന്റെ സമാന്തരതമൂലം സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റമാണ് അയനം.

പട്ടിക പൂർത്തിയാക്കുക :

| ............(A)......... | ദക്ഷിണായനം |
|---|---|
| ദക്ഷിണായന രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനം | ..........(B)........ |
| ...........(C)............. | ദക്ഷിണാർധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം ക്രമേണ കൂടിവരുന്നു. |
| | |

(A) ഉത്താരായനം
(B) ഉത്തരായന രേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്കുള്ള സൂര്യന്റെ അയനം
(C) ഉത്തരാദ്ധ ഗോളത്തിൽ പകലിന്റെ ദൈർഘ്യം ക്രമേണ കൂടിവരുന്നു.

സൂര്യന്റെ ആപേക്ഷിക സ്ഥാനമാറ്റത്തേയും, ഉത്തരാദ്ധ ഗോളത്തിലും ദക്ഷിണാർദ്ധ ഗോളത്തിലും അനുഭവപ്പെടുന്ന ഋതുക്കളേയും ചുവടെ നൽകിയ പട്ടികയിൽ നിന്ന് തിരിച്ചറിയുക :

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാദ്ധ ഗോളത്തിൽ | ദക്ഷിണാർദ്ധ ഗോളത്തിൽ |
| മാർച്ച് 21 ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21മുതൽ സപ്തംബർ 23 വരെ | ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സപ്തംബർ 23 മുതൽ ഡിസംബർ 22വരെ | ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22മുതൽ മാർച്ച് 21വരെ | ദക്ഷിണായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

വസന്തകാലം - സവിശേഷതകൾ :
- ശൈത്യകാലത്തിൽ നിന്ന്ഉഷ്ണ കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലം
- ചെടികൾ തളിർക്കുന്നു.
- മരങ്ങൾ പുഷ്പിക്കും
- മാവ് പൂക്കുന്നു, പ്ലാവ് കായ്ക്കുന്നു.

ഹേമന്തകാലം :
- ഉഷ്ണകാലത്തിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിൻെറ കാലം .
- അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു.
- പകലിന്റെ ദൈർഘ്യം കുറഞ്ഞ് രാത്രി കൂടുന്നു.
- വൃക്ഷങ്ങൾ ഇല പൊഴിക്കുന്നു.

പ്രാദേശിക സമയം :
- ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന സമയം.

ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയമുണ്ടായാൽ അതുണ്ടാക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം?
- ട്രയിൻ , വിമാനയാത്ര സർവ്വീസുകളുടെ സമയക്രമത്തെ പ്രതികൂലമായി ബാധിക്കും.
- റേഡിയോ, ടെലിവിഷൻ പരിപാടികളുടെ സമയക്രമീകരണത്തെ ബാധിക്കും.
- രാജ്യവ്യാപകമായി നടക്കുന്ന പൊതുപരീക്ഷകളുടെ സമയക്രമീകരണത്തെ ബാധിക്കും.

സമയനിർണ്ണയവുമായി ബന്ധപ്പെട്ട പ്രധാന വിവരങ്ങൾ :

- ഭൂമിയുടെ കോണളവ് $360^0$ ആണ്.
- ഒരു ഭ്രമണം പൂർത്തിയാക്കാൻ എടുക്കുന്ന സമയം 24മണിക്കൂറാണ്. അതായത് $360^0$ തിരിയാൻ ഭൂമിക്ക് വേണ്ടത് 24മണിക്കൂർ.
- 24മണിക്കൂറിനെ മിനുട്ടിലേക്ക് മാറ്റിയാൽ 1440മിനുട്ട് (24 x 60 മിനുട്ട് =1440 മിനുട്ട്)
- ഒരു ഡിഗ്രി രേഖാംശം തിരിയാൻ ആവശ്യമായ സമയം 4മിനുട്ട് ( $1440/ 360^0$ = 4മിനുട്ട്)
- ഭൂഭ്രമണവും പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് ആയതിനാൽ ഓരോ ഡിഗ്രി രേഖാംശത്തിലും കിഴക്കോട്ട് 4മിനുട്ട് കൂടിയും പടിഞ്ഞാറോട്ട് 4മിനുട്ട് കുറഞ്ഞും വരുന്നു.
- $15^0$രേഖാംശം തിരിയാൻ $15^0$ x 4മിനുട്ട്= 60മിനുട്ട് (1മണിക്കൂർ).

ഗ്രീനിച്ച് സമയവും സമയ മേഖലയും :

- $0^0$ രേഖാംശരേഖ
- ഇംഗ്ലണ്ടിലെ ഗ്രീനിച്ച് എന്ന സ്ഥലത്ത് കൂടി കടന്നു പോകുന്നു.
- ലോകത്താകമാനം സമയ നിർണ്ണയത്തിനുള്ള അടിസ്ഥാന രേഖ ആയതിനാൽ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നു.
- ഈ രേഖ അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതമ സമയ വ്യത്യാസം ഉള്ള 24 സമയ മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു.
- ഓരോ സമയ മേഖലയുടേയും രേഖാംശ വ്യാപ്തി $15^0$ ആണ്.
- ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം

സ്റ്റാന്റേർഡ് സമയം :

- രാജ്യത്തിന്റെ ഏറെക്കുറെ മധ്യത്തിലൂടെ കടന്നു പോകുന്ന രേഖാംശ കേഖയെ മാനക രേഖാംശം ( സ്റ്റാന്റേർഡ് മറീഡിയൻ) എന്ന് വിളിക്കുന്നു.
- മാനക രേഖാംശത്തിലെ പ്രാദേശിക സമയത്തെ മാനക സമയം (സ്റ്റാന്റേർഡ് സമയം) എന്ന് വിളിക്കുന്നു.

ഇന്ത്യൻ സ്റ്റാന്റേർഡ് സമയം :

- 82 1/2 പൂർവ്വ രേഖാംശം ആണ് ഇന്ത്യയുടെ മാനക രേഖാംശം
- ഇന്ത്യയുടെ മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാന്റേർഡ് സമയം.
- ഇന്ത്യൻ സ്റ്റാന്റേർഡ് സമയം ഗ്രീനിച്ച് സമയത്തേക്കാൾ 5 ½ മണിക്കൂർ കൂടുതലാണ്.

അന്താരാഷ്ട്ര ദിനാങ്കരേഖ :

- $180^0$ രേഖാംശ രേഖ
- ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂറിന്റെ സമയ വ്യത്യാസമുണ്ട്.
- പടിഞ്ഞാറ് 24 മണിക്കൂറിന്റെ കൂടുതലും കിഴക്ക് 24 മണിക്കൂർ കുറവുമായിരിക്കും.
- കര ഭാഗങ്ങളിലൂടെ കടന്ന് പോകുമ്പോഴുണ്ടാകുന്ന ദിവസ വ്യത്യാസം പരിഹരിക്കുന്നതിനായി കര ഭാഗത്തെ ഒഴിവാക്കി കടലിലൂടെ വളച്ച് വരച്ചിരിക്കുന്നു.
- പസഫിക് സമുദ്രത്തിലെ ബെറിംഗ് കടലിടുക്കിലൂടെ കടന്ന് പോകുന്നു.

---

# അദ്ധ്യായം : 2
# <u>കാറ്റിന്റെ ഉറവിടം തേടി</u>

**അന്തരീക്ഷ മർദ്ദം :**

- അന്തരീക്ഷ വായു ചെലുത്തുന്ന ഭാരമാണ് അന്തരീക്ഷമർദ്ദം .
- അന്തരീക്ഷ മർദത്തിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളാണ് കാറ്റുകൾ ഉണ്ടാകുന്നതിനുള്ള കാരണം.

**ചുവടെ നൽകിയിരിക്കുന്ന സൂചകങ്ങളിൽ അനുയോജ്യമായവ തെരഞ്ഞെടുത്ത് പട്ടിക പൂർത്തിയാക്കുക :**

(രസബാരോമീറ്റർ, ഹെക്ടോ പാസ്കൽ, 1013.2 മില്ലിബാർ, ഉച്ചമർദ്ദം, ആർദ്രത, ന്യൂനമർദ്ദം)

| | |
|---|---|
| അന്തരീക്ഷമർദ്ദം അളക്കുന്ന ഉപകരണം | |
| അന്തരീക്ഷമർദ്ദം അളക്കുന്നതിനുള്ള ഏകകം | |
| സമുദ്രനിരപ്പിലെ ശരാശരി അന്തരീക്ഷമർദ്ദം | |
| ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു സ്ഥലത്തെ അന്തരീക്ഷമർദ്ദം കൂടുതൽ | |
| അന്തരീക്ഷവായുവിലെ ജലാംശത്തിന്റെ അളവ് | |
| ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു സ്ഥലത്തെ അന്തരീക്ഷമർദ്ദം കുറവ് | |

**അന്തരീക്ഷത്തിൽ മർദ്ദവ്യതിയാനങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ ഏവ?**
**ഇവ മർദ്ദവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?**

- ഉയരം : ഉയരം കൂടുന്നതിനനുസരിച്ച് വായുവിന്റെ അളവ് കുറയുന്നു .അതിനാൽ മർദ്ദം കുറയുന്നു.
- താപം : വായു ചൂട് പിടിച്ച് സാന്ദ്രത കുറഞ്ഞ് മുകളിലേക്കു യരുന്നു,മർദ്ദം കുറയുന്നു.
- ആർദ്രത : അന്തരീക്ഷവായുവിലെ ജലകണികളുടെ അളവ് കൂടുമ്പോൾ വായുവിന്റെ അളവ് കുറയുന്നു, മർദ്ദം കുറയുന്നു .
- ഈ മൂന്ന് ഘടകങ്ങളും അന്തരീക്ഷമർദ്ദവുമായി വിപരീതാനുപാതത്തിലാണ്.

**ചിത്രം നിരീക്ഷിച്ച് ആഗോള മർദ്ദമേഖലകളുടെ പേരെഴുതുക :**




A- മധ്യരേഖ ന്യൂനമർദ്ദമേഖല.
B - ഉപോഷ്ണ ഉച്ചമർദ്ദമേഖല.
C - ഉപധ്രുവീയ ന്യൂനമർദ്ദമേഖല.
D - ധ്രുവീയ ഉച്ചമർദ്ദമേഖല.

ആഗോള മർദ്ദമേഖല, രൂപം കൊള്ളാനുള്ള കാരണം :

a . മധ്യരേഖ ന്യൂനമർദ്ദമേഖല : സൂര്യരശ്മികൾ ലംബമായി പതിക്കുന്നതിനാൽ വായു ചൂടുപിടിച്ച് ഉയർന്ന് പൊങ്ങുന്നു.

b. ഉപോഷ്ണ ഉച്ചമർദ്ദമേഖല : ഭ്രമണത്തിന്റെ ഫലമായി തണുത്ത വായു താഴ്ന്നിറങ്ങുന്നു .

c. ഉപധ്രുവീയ ന്യൂനമർദ്ദമേഖല : ഭ്രമണത്തിന്റെ ഫലമായി വായു മുകളിലേക്ക് ചുഴറ്റി എറിയപ്പെടുന്നു.

d. ധ്രുവീയ ഉച്ചമർദ്ദമേഖല : കൊടും തണുപ്പിനാൽ വായു തണുത്ത് അടിഞ്ഞു കൂടുന്നു.

കാറ്റിന്റെ വേഗതയെയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ :

a. മർദ്ധചരിവ് മാനബലം : മർദ്ധചരിവ് കൂടുതലാണെങ്കിൽ കാറ്റിന്റെ വേഗം കൂടും, മർദ്ദച്ചേരിവ് കുറവാണെങ്കിൽ കാറ്റിന്റെ വേഗത കുറവായിരിക്കും

b. കോറിയോലിസ് പ്രഭാവം : ഭൗമോപരിതലത്തിൽ സ്വതന്ത്രമായി ചലിക്കുന്ന വസ്തുക്കൾക്ക് ഭ്രമണം നിമിത്തം ഉത്തരാർഥഗോളത്തിൽ സഞ്ചാര ദിശയുടെ വലത്തോട്ടു ദക്ഷിണർഥഗോളത്തിൽ ഇടത്തോട്ട് വ്യതിചലനമുണ്ടാകുന്നു.

c. ഘർഷണം : ഘർഷണം കുറവായാൽ കാറ്റിന് വേഗം കൂടുതലായിരിക്കും, ഘർഷണം കൂടിയാൽ കാറ്റിന്റെ വേഗം കുറയും.

ആഗോളവാതങ്ങൾ :

- ആഗോളമർദ്ദമേഖലകൾക്കിടയിൽ രൂപം കൊള്ളുന്ന കാറ്റുകളെ ആഗോളവാതങ്ങൾ എന്ന് വിളിക്കുന്നു.
- വർഷം മുഴുവൻ ഒരേ ദിശയിൽ സ്ഥിരമായി വീശുന്ന കാറ്റുകൾ.

വാണിജ്യവാതങ്ങൾ :

- രണ്ട് അർദ്ധഗോളങ്ങളിലെയും ഉപോഷ്ണ ഉച്ചമർദ്ദ മേഖലയിൽ നിന്ന് മധ്യരേഖ ന്യൂനമർദ്ദ മേഖലയിലേക്ക് വീശുന്നു
  (30°N →0°←30°S)
- ഉത്തരാർദ്ധ ഗോളത്തിൽ വടക്ക് കിഴക്ക് നിന്നും വീശുന്നതിനാൽ വടക്കുകിഴക്കൻ വാണിജ്യവാതം എന്നും ദക്ഷിണാർദ്ധ ഗോളത്തിൽ തെക്ക് കിഴക്ക് നിന്നും വീശുന്നതിനാൽ തെക്ക് കിഴക്കൻ വാണിജ്യ വാതം എന്നും അറിയപ്പെടുന്നു.
- ഇവ രണ്ടും കൂടി ചേരുന്ന മേഖല ITCZ എന്നറിയപ്പെടുന്നു.

പശ്ചിമവാതങ്ങൾ :

- രണ്ട് അർദ്ധഗോളങ്ങളിലെയും ഉപോഷ്ണ ഉച്ചമർദ്ദ മേഖലകളിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദമേഖലയിലേക്ക് വീശുന്നു.
- കാറ്റിന്റെ ദിശ പടിഞ്ഞാറുനിന്നുമായതിനാൽ പശ്ചിമ വാതങ്ങൾ എന്നറിയപ്പെടുന്നു.
- ദക്ഷിണർദ്ധ ഗോളത്തിൽ ഏറിയ പങ്കും സമുദ്രം ആയതിനാൽ പശ്ചിമ വാതങ്ങളുടെ വേഗം കൂടുതലാണ്. ഇവ വിവിധ അക്ഷാംശങ്ങളിൽ റോറിങ് ഫോർട്ടിസ്, ഫ്യൂറിയസ് ഫിഫ്റ്റീസ്, സ്ക്രീമിങ് സിക്സ്റ്റീസ് എന്നും വിളിക്കുന്നു.

ധ്രുവീയ വാതങ്ങൾ :

- ധ്രുവീയ ഉച്ചമർദ്ദ മേഖലയിൽ നിന്നും ഉപധ്രുവീയ ന്യൂനമർദ്ദ മേഖലകളിലേക്ക് വീശുന്ന കാറ്റുകൾ
- കിഴക്ക് നിന്നും വീശുന്നതിനാൽ ധ്രുവീയ പൂർവ്വവാതങ്ങൾ എന്നും വിളിക്കുന്നു.

മൺസൂണിന്റെ രൂപം കൊള്ളലിനു കാരണമാകുന്ന ഘടകങ്ങൾ :

- സൂര്യന്റെ അയനം
- കോറിയോലിസ് പ്രഭാവം
- തപനത്തിലെ വ്യത്യാസങ്ങൾ

കരക്കാറ്റ് :

- രാത്രികാലങ്ങളിൽ കര കടലിനെ അപേക്ഷിച്ച് വേഗം തണുക്കുന്നതിനാൽ കരയിൽ ഉച്ചമർദവും കടലിൽ ന്യൂനാമർദവും രൂപം കൊള്ളുന്നു.
- അപ്പോൾ കരയിൽ നിന്ന് കടയിലേക്ക് വീശുന്നതാണ് കരക്കാറ്റ് .

കടൽക്കാറ്റ് :

- പകൽ കര പെട്ടെന്ന് ചൂടാകുന്നതിനാൽ കരയിൽ ന്യൂനമർദവും കടലിൽ ഉച്ചമർദവും ആയിരിക്കും. അപ്പോൾ കടലിൽ നിന്ന് കരയിലേക്ക് വീശുന്നതാണ് കടൽക്കാറ്റ്.

പർവതകാറ്റ് :

- രാത്രികാലങ്ങളിൽ പർവത പ്രദേശത്തെ തണുപ്പുമൂലം വായു തണുത്ത് താഴ്‌വാരത്തേക്ക് വീശുന്നു.

താഴ്‌വാരകാറ്റ് :

- പകൽ സമയത്ത് താഴ്‌വാരയിലെ വായു ചൂടുപിടിച്ച് ഉയർന്ന് പർവത ചെറിവിലൂടെ വീശുന്നു

പ്രധാന പ്രാദേശികവാതങ്ങൾ :

| | | |
|---|---|---|
| ചിന്നൂക്ക് | വടക്കേ അമേരിക്ക - റോക്കി പാർവതനിര | മഞ്ഞുരുക്കുന്നു, ഗോതമ്പ് കൃഷി |
| ഹർമാറ്റൻ | ആഫ്രിക്ക, സഹാറ മരുഭൂമി | കാലാവസ്ഥ മെച്ചപ്പെടുന്നു |
| ലൂ | ഉത്തരേന്ത്യ | വേനലിന്റെ തീക്ഷണത വര്ധിക്കുന്നു |
| മാംഗോ ഷവർ | ദക്ഷിണേന്ത്യ | മാമ്പഴങ്ങൾ പൊഴിയുന്നു |

അസ്ഥിര വാതങ്ങൾ :

- ചില പ്രത്യേക അന്തരീക്ഷ അവസ്ഥകളിൽ രൂപം കൊള്ളുന്നതും തികച്ചും വ്യത്യസ്ത സ്വഭാവ സവിശേഷതകളോട് കൂടിയതുമായ കാറ്റുകളാണിവ. ഉദാ : ചക്രവാതങ്ങൾ,പ്രതിചക്രവാതങ്ങൾ.

ചക്രവാതങ്ങൾ :

- അന്തരീക്ഷത്തിൽ ഒരു ന്യൂനമർദ്ദപ്രദേശവും അതിനു ചുറ്റിലുമായി ഒരു ഉച്ചമർദവും സൃഷ്ടിക്കപെട്ടാൽ ന്യൂനമർദ്ദകേന്ദ്രത്തിലേക്ക് ചുറ്റുമുള്ള ഉച്ചമർദ്ദ പ്രദേശങ്ങളിൽ നിന്ന് അതിശക്തമായി കാറ്റു ചുഴറ്റി വീശുന്നു. ഉത്തരാർമർദ്ദഗോളത്തിൽ ഇത് എതിർ ഘടികാര ദിശയിലും ദക്ഷിണർദ്ദ ഗോളത്തിൽ ഘടിക്കാര ദിശയിലുമണിവ വീശുക.

---

# അദ്ധ്യായം : 3

# മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ :

- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- കുടുംബം വ്യക്തയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും വിദ്യാഭ്യാസത്തിനും പരിശീലനത്തിനും സൗകര്യങ്ങൾ നൽകുന്നു.
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ നൽകുന്നു.

മാനവ വിഭവശേഷിയുടെ ഗുണപരമായ സവിശേഷതകൾ :

- വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, പരിശീലനം, സാമൂഹിക മൂലധനം.

ജനസംഖ്യാ പഠനങ്ങൾ - ആവശ്യകത :

- രാജ്യത്തെ മാനവവിഭവശേഷിയുടെ ലഭ്യത അറിയുക
- ജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്രയെന്ന് അറിയുക
- ആവശ്യമായ സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക
- സാമ്പത്തിക- സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക.

**തൊഴിൽ പങ്കാളിത്ത നിരക്ക് :**

- 15 വയസ്സിനും 59 വയസ്സിനും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലുള്ളവരും തൊഴിലന്വേഷകരുമായവരുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതം.

**ആശ്രയത്വ നിരക്ക് :**

14 വയസ്സിന് താഴെയും 60 വയസ്സിന് മുകളിലുള്ള ആളുകളുടെ എണ്ണവും ആകെ ജനസംഖ്യയും തമ്മിലുള്ള അനുപാതം.

**മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ :**

- ഉല്പാദനക്ഷമതവർദ്ധിപ്പിക്കുന്നു
- സാമ്പത്തിക അസമത്വം കുറയുന്നു
- പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്നു
- സംരംഭകത്വ മെച്ചപ്പെടുത്താം
- സാമൂഹിക ക്ഷേമം ഉറപ്പാക്കാം.

**വിദ്യാഭ്യാസം എങ്ങനെ ഒരു രാജ്യത്തിന്റെ വികസനത്തെ സഹായിക്കും :**

വിദ്യാഭ്യാസം → വ്യക്തികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നു → സാങ്കേതിക പരിജ്ഞാനത്തെ മികച്ചതാക്കുന്നു → മികച്ച ജോലിയും വരുമാനവും നേടാനാവുന്നു → ജീവിത നിലവാരം ഉയരുന്നു

**വിദ്യാഭ്യാസവും നൈപുണിയും വികസിപ്പിക്കുന്നതിന് ഇന്ത്യയിൽ നടപ്പാക്കിയ പരിപാടികൾ :**

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| ICDS | 6 വയസ്സ വരെയുള്ള ശിശുക്കളുടെ സമഗ്രവികസനം. ഗർഭിണികൾക്കും മുലയൂട്ടുന്ന സ്ത്രീകൾക്കും ആരോഗ്യ സംരക്ഷണം നൽകുക. |
| സമഗ്ര ശിക്ഷാ അഭിയാൻ (എസ്എസ്എ) | സാർവത്രിക വിദ്യാഭ്യാസം ഹയർ സെക്കണ്ടറി വരെ ഉറപ്പ് വരുത്തുക.<br>തുല്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുക. |
| RUSA | ഉന്നതവിദ്യാഭ്യാസലഭ്യത വർധിപ്പിക്കുക |

**ആരോഗ്യമുള്ള വ്യക്തികൾ എങ്ങിനെ രാജ്യ പുരോഗതിയിൽ പങ്കാളികളാകുന്നു :**

- പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കാൻ കഴിയും.
- ഉൽപാദന വർദ്ധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാണ്.
- കാര്യക്ഷമതയും പ്രവൃത്തി ദിവസങ്ങളുടെ എണ്ണവും കൂടുന്നതിനനുസരിച്ച് ഉത്പാദനം വർദ്ധിക്കുന്നു.
- ചികിത്സാ ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ ചെലവ് കുറയ്ക്കാനും കഴിയും.

---

# അദ്ധ്യായം : 4

# ഭൂതല വിശകലനം ഭൂപടങ്ങളിലൂടെ

ധരാതലിയ ഭൂപടങ്ങൾ :

- പ്രകൃതവും മനുഷ്യനിർമ്മിതമായ എല്ലാ ഭൗമോപരിതല സവിശേഷതകളെയും വിശദമായ ചിത്രീകരിക്കുന്ന ഭൂപടം.

ഇന്ത്യയിൽ ധരാതലീയ ഭൂപടം നിർമ്മിക്കുന്നഏജൻസി : ആസ്ഥാനം :

- സർവ്വേ ഓഫ് ഇന്ത്യ- ഡെറാഡൂൺ

ധരാതലിയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ :

- നഗരാസൂത്രണത്തിന്
- സൈനിക പ്രവർത്തനങ്ങൾക്കും സൈനിക ഭൂപടങ്ങളുടെ നിർമാണത്തിനും
- ഭൂ പ്രദേശത്തിൻറെ ഭൗതികവും സാംസ്കാരികവുമായ സവിശേഷതകൾ വിശകലനം ചെയ്യുന്നതിന്

ചേരുംപടി ചേർക്കുക :

| A | B |
|---|---|
| തരിശുഭൂമി<br>ജലാശയങ്ങൾ<br>റോഡ്<br>വനം<br>കൃഷിസ്ഥലം<br>അക്ഷാംശ<br>രേഖാംശം | നീല<br>കറുപ്പ്<br>വെള്ള<br>ചുവപ്പ്<br>പച്ച<br>മഞ്ഞ് |

ഉത്തരം :

- തരിശുഭൂമി - വെള്ളം
- ജലാശയങ്ങൾ - നീല
- റോഡ് - ചുവപ്പ്
- വനം - പച്ച
- കൃഷിസ്ഥലം - മഞ്ഞ
- അക്ഷാംശ രേഖാംശം - കറുപ്പ്

ഈസ്റ്റിങ്സ് :

- വടക്ക്- തെക്ക് ദിശയിൽ വരക്കുന്ന രേഖയാണിത്
- അവയുടെ മൂല്യം കിഴക്കോട്ട് പോകുമ്പോൾ കൂടിവരുന്നു
- ഭൂപടത്തിലെ സവിശേഷതകൾക്ക് തൊട്ട് ഇടതുവശത്തായി കാണപ്പെടുന്ന ഈസ്റ്റിങ്സ് മൂല്യമാണ് സ്ഥാന നിർണയത്തിനായി പരിഗണിക്കുന്നത്.

നോർത്തിങ്സ് :

- കിഴക്കു പടിഞ്ഞാറ് ദിശയിൽ വരച്ചിട്ടുള്ള രേഖയാണിത്
- അവയുടെ മൂല്യം വടക്ക് ദിശയിലേക്ക് പോകുന്തോറും കൂടിവരുന്നു
- ഭൂപടത്തിലെ സവിശേഷത ക്ക് തൊട്ടു തെക്കായി കാണപ്പെടുന്ന നോർത്തിങ്സ് മൂല്യമാണ് സ്ഥാന നിർണ്ണയത്തിന് പരിഗണിക്കുന്നത്.

കോണ്ടൂർ രേഖകൾ :

- സമുദ്രനിരപ്പിൽ നിന്നും ഒരേ ഉയരമുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിച്ചു വരയ്ക്കുന്ന സാങ്കൽപ്പിക രേഖ.

കോണ്ടൂർ രേഖകൾ - ഉപയോഗങ്ങൾ :

- പ്രദേശത്തിന്റെ ഉയരം, ചരിവിന്റെ അളവ്, ഭൂരൂപത്തിന്റെ ആകൃതി തുടങ്ങിയ കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

താഴെ കൊടുത്തിട്ടുള്ള ഭൂസവിശേഷതകളുടെ സ്ഥാനം നാലക്ക ഗ്രിഡ് റഫറൻസിലൂടെ കണ്ടെത്തുക :
വാസസ്ഥലം, ശവപ്പറമ്പ്, ക്രിസ്ത്യൻ പള്ളി , കിണർ , കോട്ട , ജലാശയം , ലൈറ്റ് ഹൗസ് , കുഴൽ കിണർ




വാസസ്ഥലം : 6325
ശവപ്പറമ്പ് : 6323
ക്രിസ്ത്യൻ പള്ളി : 6126
കിണർ : 6526
കോട്ട : 6524
ജലാശയം : 6226
ലൈറ്റ് ഹൗസ് : 6425
കുഴൽ കിണർ : 6124

---

# അധ്യായം : 5

# പൊതുചെലവും പൊതു വരുമാനവും

ഇന്ത്യയിൽ പൊതുചെലവ് കൂടാനുള്ള കാരണങ്ങൾ :

- ജനസംഖ്യ വർദ്ധനവ്
- ക്ഷേമപ്രവർത്തനങ്ങൾ
- നഗരവൽക്കരണം
- പ്രതിരോധ ചെലവിലെ വർദ്ധനവ്
- പകർച്ചവ്യാധികൾ
- പ്രകൃതിക്ഷോഭങ്ങൾ

പ്രത്യക്ഷ നികുതിയുടെ സവിശേഷതകൾ :

- നികുതി ചുമത്തപ്പെട്ട വ്യക്തി തന്നെ നികുതി അടക്കുന്നു
- നികുതിഭാരം നികുതിദായകന് അനുഭവപ്പെടുന്നു
- നികുതി പിരിവിനായി താരതമ്യേനെ ഉയർന്ന ചെലവ് ആയിരിക്കും.
- ഉദാ : വ്യക്തിഗത ആദായനികുതി, കോർപ്പറേറ്റ് നികുതി

പരോക്ഷ നികുതിയുടെ സവിശേഷതകൾ :

- നികുതി ചുമതലപ്പെടുത്തുന്നത് ഒരാളിലും നൽകുന്നത് മറ്റൊരാളും ആയിരിക്കും .
- നികുതിഭാരം നികുതി ദായകൻ അനുഭവപ്പെടാറില്ല
- നികുതി പിരിവിന് താരതമ്യേന കുറഞ്ഞ ചെലവാണ്.
- ഉദാ :ചരക്കുസേവന നികുതി ( ജി എസ് ടി )

പദസൂര്യൻ നിർമ്മിക്കുക :

ഫീസ്




- പലിശ
- ലാഭം
- ഗ്രാൻഡ്
- ഫൈനുകളും പെനാൽറ്റികളും.

താഴെ കൊടുത്ത നികുതികളെ കേന്ദ്ര സംസ്ഥാന തദ്ദേശസ്വയംഭരണ സർക്കാറുകൾ ചുമത്തുന്ന ക്രമത്തിൽ തരംതിരിച്ച് പട്ടികപ്പെടുത്തുക:
( തൊഴിൽ നികുതി, ഭൂനികുതി, വ്യക്തിഗത ആദായനികുതി, സ്റ്റാമ്പ് ഡ്യൂട്ടി, വിനോദനികുതി, കോർപ്പറേറ്റ് നികുതി )

| കേന്ദ്രസർക്കാർ | സംസ്ഥാന സർക്കാർ | തദ്ദേശസ്വയംഭരണ സർക്കാർ |
|---|---|---|
| വ്യക്തിഗത ആദായനികുതി<br>കോർപ്പറേറ്റ് നികുതി. | ഭൂനികുതി<br>സ്റ്റാമ്പ് ഡ്യൂട്ടി. | തൊഴിൽ നികുതി<br>വിനോദനികുതി. |

ബജറ്റ് :
- ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവും ചെലവും വിശദീകരിക്കുന്ന സാമ്പത്തിക രേഖയാണ് ബജറ്റ്.

വിവിധ തരം ബജറ്റുകൾ :
- കമ്മി ബജറ്റ് - ചെലവ് വരവിനേക്കാൾ കൂടുതലാണ്.
- മിച്ച ബജറ്റ് - വരുമാനം ചെലവിനേക്കാൾ കൂടുതലാണ്.
- സന്തുലിത ബജറ്റ് - വരുമാനവും ചെലവും തുല്യമായിരിക്കും.

ധനനയം :
- പൊതു വരുമാനം, പൊതുചെലവ്, പൊതുകടം എന്നിവയെ സംബന്ധിച്ച് സർക്കാർ നയം.

വികസന ചെലവുകളും വികസനേതര ചെലവുകളും :
- റോഡ്, പാലം ,തുറമുഖം തുടങ്ങിയവ നിർമ്മിക്കുക, പുതിയ സംരംഭങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങുക ,ഇത്തരം ചെലവുകളാണ് വികസന ചെലവുകൾ .
- യുദ്ധം, പലിശ ,പെൻഷൻ തുടങ്ങിയവയ്ക്കുള്ള ഗവൺമെന്റിന്റെ ചെലവുകളാണ് വികസനേതര ചെലവുകൾ.

സെസ്സ് , സർച്ചാർജ് :
- സെസ്സ് : സർക്കാർ ചില പ്രത്യേക ആവശ്യങ്ങൾക്കായി ചുമത്തുന്ന നികുതിയാണ് സെസ്സ്. ആവശ്യത്തിന് പണം ലഭിച്ചാൽ സെസ്സ് നിർത്തലാക്കാം.
- സർച്ചാർജ്ജ് : നികുതിക്കു മേൽ ചുമത്തുന്ന അധിക നികുതിയാണ് സർചാർജ്. ഒരു നിശ്ചിത കാലത്തേക്കാണ് സർച്ചാർജ്ജ് ചുമത്തുന്നത്.

---

## അദ്ധ്യായം : 6
# ആകാശക്കണ്ണുകളും അറിവിന്റെ വിശകലനവും

താഴെ നൽകിയിരിക്കുന്ന വിവരങ്ങളിൽ നിന്ന് പ്ലാറ്റ്ഫോം, സംവേദകങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തൽ :

വിമാനങ്ങൾ
ക്യാമറകൾ
സ്കാനറുകൾ
കൃത്രിമോപഗ്രഹങ്ങൾ

| പ്ലാറ്റ്ഫോം | സംവേദകങ്ങൾ |
|---|---|
| വിമാനങ്ങൾ<br>കൃത്രിമോപഗ്രഹങ്ങൾ | ക്യാമറകൾ<br>സ്കാനറുകൾ |

ആകാശീയ വിദൂര സംവേദനത്തിലെ ഓവർലാപ്പ് :
- ഓരോ ആകാശീയ ചിത്രങ്ങളിലും തൊട്ടു മുമ്പുള്ള പ്രദേശത്തിന്റെ ഏകദേശം 60% ആവർത്തിക്കപ്പെടുന്നു.

ആകാശീയ വിദൂര സംവേദനത്തിലെ പരിമിതികൾ :
- വിമാനത്തിന്റെ കുലുക്കം ചിത്രങ്ങളുടെ ഗുണമേന്മയെ ബാധിക്കുന്നു.
- വിമാനം പറന്നുയരുന്നതിനും ഇറങ്ങുന്നതിനും തുറസായസ്ഥലം ആവശ്യമാണ്.
- ഇന്ധനം നിറയ്ക്കുന്നതിന് ഇടയ്ക്കിടെ നിലത്ത് ഇറക്കുന്നത് ചിലവ് വർദ്ധിപ്പിക്കുന്നു.
- താരതമ്യേന വിശാലമായ പ്രദേശങ്ങളുടെ ചിത്രീകരണത്തിന് അനുയോജ്യമല്ല.

വിദൂരസംവേദന സാങ്കേതിക വിദ്യകൊണ്ടുള്ള ഉപയോഗങ്ങൾ:
- കാലാവസ്ഥാ നിർണ്ണയത്തിന്.
- സമുദ്ര പര്യവേഷണത്തിന്.
- ഭൂവിനിയോഗം മനസ്സിലാക്കുന്നതിന്.
- വരൾച്ച, വെള്ളപ്പൊക്കം എന്നിവ ബാധിച്ച പ്രദേശങ്ങൾ കണ്ടെത്തുന്നതിന്.

ഭൂസ്ഥിര ഉപഗ്രഹങ്ങളുടേയും സൗരസ്ഥിര ഉപഗ്രഹങ്ങളുടെയും സവിശേഷതകൾ പട്ടികപ്പെടുത്തൽ :

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| സഞ്ചാരപഥം ഭൂമിയിൽ നിന്ന് ഏകദേശം 36000 കിലോമീറ്റർ ഉയരത്തിൽ.<br><br>ഭൂമിയുടെ മൂന്നിലൊന്ന് ഭാഗം നിരീക്ഷണ പരിധിയിൽ വരുന്നു.<br><br>ഒരു പ്രദേശത്തിന്റെ സ്ഥിരമായ വിവരശേഖരണത്തിന് സാധിക്കുന്നു. | സഞ്ചാരപഥം ഭനമോപരിതലത്തിൽ നിന്ന് 900 കിലോമീറ്റർ ഉയരത്തിലാണ്.<br><br>ഭൂസ്ഥിര ഉപഗ്രഹങ്ങളേക്കാൾ കുറഞ്ഞ നിരീക്ഷണപരിധി.<br><br>കൃത്യമായ ഇടവേളകളിൽ പ്രദേശത്തിന്റെ ആവർത്തിച്ചുള്ള വിവരശേഖരണം സാധ്യമാകുന്നു. |

ഭൂവിവര വ്യവസ്ഥയുടെ വിശകലന സാധ്യതകൾ :
- ഓവർലേ വിശകലനം.
- ആവൃത്തി വിശകലനം
- ശൃംഖല വിശകലനം

ഒരു പ്രദേശത്ത്കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്നതിന് ഉപയോഗിക്കുന്ന വിശകലന സാധ്യത :
- ഓവർലേ വിശകലനം

വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരുന്നസാഹചര്യത്തിൽ ഉപയോഗപ്പെടുത്താവുന്ന വിശകലന സാധ്യത :
- ആവൃത്തി വിശകലനം.

യാത്രാ വേളകളിൽ എളുപ്പത്തിൽ എത്തിച്ചേരാവുന്ന തിരക്ക് കുറഞ്ഞ വഴികൾ കണ്ടെത്താൻ ഉപയോഗപ്പെടുത്താവുന്ന വിശകലന സാധ്യത :
- ശൃംഖല വിശകലനം.

ഭൂവിവര വ്യവസ്ഥയുടെ(GIS) പ്രയോജനങ്ങളിൽ കണ്ടെത്തൽ :
- പല ഉറവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾ സംയോജിപ്പിക്കുന്നതിന്.
- വിഷയാധിഷ്ഠിത പഠനങ്ങൾ നടത്തുന്നതിന്.
- വിവരങ്ങൾ എളുപ്പത്തിൽ നവീകരിക്കാനും കൂട്ടിച്ചേർക്കാനും.
- ഭൂപടങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ എന്നിവ നിർമ്മിക്കുന്നതിന്.

ഗ്ലോബൽ പൊസിഷനിങ് സിസ്റ്റം(GPS) ഉപയോഗങ്ങൾ :

- ഭൗമോപരിതല വസ്തുക്കളുടെ അക്ഷാംശ രേഖാംശ സ്ഥാനം മനസ്സിലാക്കുന്നതിന്.
- ഭൗമോപരിതല വസ്തുക്കളുടെ ഉയരം മനസ്സിലാക്കുന്നതിന്.
- സമയം കണ്ടെത്തുന്നതിന്.

---

# അധ്യായം : 7
# വൈവിധ്യങ്ങളുടെ ഇന്ത്യ

ഉത്തര പർവ്വത മേഖല പട്ടിക തയ്യാറാക്കൽ :

| ട്രാൻസ് ഹിമാലയം | ഹിമാലയം | കിഴക്കൻ മല നിരകൾ |
|---|---|---|
| കാരക്കോറം<br>ലഡാക്ക്<br>സസ്കർ | ഹിമാദ്രി<br>ഹിമാചൽ<br>സിവാലിക്ക് | പാത്കായ്ബം<br>നാഗാ കുന്ന്<br>മിസോ കുന്ന്<br>ഖാസി, ഗാരോ,ജയന്തിയ |

ഹിമാലയം സമാന്തരങ്ങളായ മൂന്ന് പർവ്വത നിരകൾ ഉൾപ്പെട്ടതാണ്. ഓരോന്നിന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തൽ :

| ഹിമാലയം | | |
|---|---|---|
| ഹിമാദ്രി | ഹിമാചൽ | സിവാലീക് |
| ഏറ്റവും ഉയരം കൂടിയ നിര.<br>ശരാശരി ഉയരം 6,000 മീ.<br>ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം.<br>8000 മീറ്ററിന് മുകളിലുള്ള കൊടുമുടികൾ. | ഹിമാദ്രിയുടെ തെക്ക്.<br>ശരാശരി ഉയരം 3,000 മീ<br>സുഖവാസ കേന്ദ്രങ്ങൾ<br>ഉദാ:;ഷിംല,ഡാർജിലിങ്ങ് | ഹിമാചലിന് തെക്ക്.<br>ശരാശരി ഉയരം 1220 മീ.<br>താഴ് വരകൾ, ഇവ ഡൂണുകൾ<br>ഉദാ: ഡെറാഡൂൺ |

ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തര പർവ്വത മേഖലയുടെ പങ്ക് വ്യക്തമാക്കൽ :

- വൈദേശിക ആക്രമണങ്ങളിൽ നിന്ന് ഒരു പരിധി വരെ നമ്മെ സംരക്ഷിച്ച് പോരുന്നു
- മൺസൂൺ കാറ്റുകളെ തടഞ്ഞ് നിർത്തി ഉത്തരേന്ത്യയിൽ ഉടനീളം മഴ പെയ്യിക്കുന്നു
- ശൈത്യകാലത്ത് വടക്ക് നിന്ന് വീശുന്ന ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ ചെറുക്കുന്നു.
- നദികളുടെ ഉൽഭവ സ്ഥാനം

ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും സവിശേഷതകൾ പട്ടികപ്പെടുത്തൽ :

| ഹിമാലയൻ നദികൾ | ഉപദ്വീപിയ നദികൾ |
|---|---|
| ഹിമാലയ പർവ്വത നിരകളിൽ നിന്ന് ഉൽഭവിക്കുന്നു.<br>അതിവിസ്തൃതമായ വൃഷ്ടിപ്രദേശം.<br>അപരദന തീവ്രത കൂടുതൽ.<br>ഉയർന്ന ജലസേചന ശേഷി. | ഉപദ്വീപീയ പീഠഭൂമിയിൽ നിന്ന് ഉൽഭവിക്കുന്നു.<br>വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം .<br>അപരദന തീവ്രത കുറവ്.<br>കുറഞ്ഞ ജലസേചനശേഷി. |

ഉപദ്വീപിയ പീഠഭൂമിയുടെ സവിശേഷതകൾ :
- ധാതുക്കളുടെ കലവറ.
- ആനമുടി ഈ മേഖലയിലെ ഉയരമേറിയ കൊടുമുടി
- ഏറ്റവും പഴക്കം ചെന്നതും വിസ്തൃതവുമായഭൂവിഭാഗം
- ഏകദേശം 15 ലക്ഷം ചതുരശ്ര കി.മീ.വിസ്തൃതി.

പടിഞ്ഞാറൻ തീരസമതലം കിഴക്കൻ തീരസമതലം താരതമ്യ പഠനം :

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻതീര സമതലം |
|---|---|
| റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ. | സുന്ദരവന പ്രദേശം മുതൽ കന്യാകുമാരി വരെ. |
| അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ | ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ |
| താരതമ്യേന വീതി കുറവ് | വീതി കൂടുതൽ |
| കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു. | ഡൽറ്റകൾ രൂപം കൊള്ളുന്നു |
| ഗുജറാത്ത് തീരം, കൊങ്കൺതീരം, മലബാർ തീരം. | കോറമാണ്ഡൽ തീരം, വടക്കൻ സിർകാർസ് |

ഇന്ത്യയുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന ഘടകങ്ങൾ :
- അക്ഷാംശീയ സ്ഥാനം
- ഭൂപ്രകൃതി
- സമുദ്രസാമീപ്യം
- കാറ്റുകൾ
- സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം

തെക്ക് പടിഞ്ഞാറൻ മൺസൂൺ കാലത്തിന്റെ സവിശേഷതകൾ :
- ജൂൺ -സെപ്റ്റംബർ വരെ മാസങ്ങളിലാണ് അനുഭവപ്പെടുന്നത്.
- ഇന്ത്യയുടെ മഴക്കാലം.
- സൂര്യൻ ഉത്തരാർധ ഗോളത്തിൽ.
- ഇന്ത്യൻ സമുദ്രത്തിന് മുകളിൽ ഉച്ച മർദം
- ഇന്ത്യൻ സമുദ്രത്തിൽ നിന്ന് ഇന്ത്യയിലേക്ക് കാറ്റ് വീശുന്നു.
- കൊറിയോലിസ് പ്രഭാവം കാരണം തെക്ക്-പടിഞ്ഞാറൻ കാറ്റുകളായി ഇന്ത്യയിൽ എത്തിച്ചേരുന്നു.
- 2 ശാഖകളായി പിരിഞ്ഞ് കാറ്റ് ഇന്ത്യയിലേക്ക് പ്രവേശിക്കുന്നു.

തെക്ക് പടിഞ്ഞാറൻ മൺസൂൺ ശാഖകൾ :

1) അറബിക്കടൽ ശാഖ :
- ജൂൺ ആദ്യവാരം കേരള തീരത്ത്
- കേരളത്തിൽ വ്യാപക മഴ നല്കി തുടർന്ന് കർണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ മഴ നല്കുകയും ചെയ്യുന്നു.
- കേരളത്തിൽ ഈ കാലവർഷം ഇടവപ്പാതി എന്നറിയപ്പെടുന്നു.

2) ബംഗാൾ ഉൾക്കടൽ ശാഖ :
- ബംഗാൾ ഉൾക്കടലിൽ നിന്നും ഈർപ്പം നിറഞ്ഞ ഈ ശാഖ സുന്ദരവനം ഡൽറ്റ പിന്നിട്ട് പശ്ചിമബംഗാളിൽ പ്രവേശിക്കുന്നു.
- രണ്ടായി പിരിഞ്ഞ് ഒരു ശാഖ ബ്രഹ്മപുത്രാ സമതലത്തിലൂടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ എത്തി മഴ നല്കുന്നു.
- ഒരു ശാഖ ഗംഗാ സമതലത്തിലൂടെ പശ്ചിമബംഗാൾ, ബീഹാർ, യു.പി എന്നീ സംസ്ഥാനങ്ങളിൽ മഴ നല്കുന്നു.
- പഞ്ചാബ് സമതലത്തിൽ വെച്ച് അറബിക്കടൽ ശാഖയുമായി കൂടിച്ചേർന്ന് വടക്കോട്ട് നീങ്ങുന്നു.

മൺസൂണിന്റെ പിൻവാങ്ങൽ കാലം സവിശേഷതകൾ (വടക്കു-കിഴക്കൻ മൺസൂൺ):
- ഒക്ടോബർ, നവംബർ മാസങ്ങളിൽ
- ഇന്ത്യയുടെ വടക്ക് ഭാഗത്ത് നിന്നും ഇന്ത്യൻ സമുദ്രത്തിലേക്ക് കാറ്റ് വീശുന്നു.
- മഴക്കാലത്തിനും ശൈത്യകാലത്തിനുമിടയിലുള്ള ഒരു ഇടവേള.

- ഉയർന്ന ഊഷ്മാവും ആർദ്രതയും പകൽ സമയങ്ങളെ ദുസ്സഹമാക്കുന്നു. ഈ പ്രതിഭാസം ഒക്ടോബർ ചൂട് എന്നറിയപ്പെടുന്നു.
- ബംഗാൾ ഉൾക്കടലിലെ ന്യൂനമർദം വടക്ക്- കിഴക്കൻ മൺസൂൺ കാറ്റിനെ ആകർഷിക്കുന്നു.
- തമിഴ്നാട് തീരത്ത് കനത്ത മഴ നല്കുന്നു. തമിഴ്നാടിന്റെ പ്രധാന മഴക്കാലം.
- കേരളത്തിൽ ഈ കാലം "തുലാവർഷം" എന്നറിയപ്പെടുന്നു.

തന്നിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്ന വിവരങ്ങൾ അടയാളപ്പെടുത്തുക :

1 ഉത്തര പർവ്വത മേഖലാ ഭാഗങ്ങൾ :

A. മൗണ്ട് K2
B. ഖാസി ഗാരോ ജയന്തിയ കുന്നുകൾ
C. മിസോ കുന്ന്
D. നാഗാ കുന്ന്
E. പാത് കായ്ബം കുന്ന്
F. ചിറാപുഞ്ചി

2. ഉപദ്വീപീയ പീഠഭൂമി ഭാഗങ്ങൾ :

A. ആരവല്ലി പർവ്വത നിര
B. വിന്ധ്യാ പർവ്വത നിര
C. സത്പുര പർവ്വത നിര
D. മാൾവ പീഠഭൂമി
E. പശ്ചിമ ഘട്ടം
F. പൂർവ്വഘട്ടം
G. ഛോട്ടാ നാഗപൂർ പീഠഭൂമി
H. ഡക്കാൻ പീഠഭൂമി

3. ഉപദ്വീപിയ നദികൾ

A മഹാനദി
B ഗോദാവരി
C കൃഷ്ണ
D കാവേരി
E നർമ്മദ
Fതാപ്തി

ഇന്ത്യ- മണ്ണിനങ്ങൾ :

| മണ്ണിനങ്ങൾ | സവിശേഷതകൾ | കാണപ്പെടുന്ന ഭൂപ്രകൃതി |
|---|---|---|
| പർവ്വത മണ്ണ് | ഫലപുഷ്ടി കൂടുതൽ | ഉത്തര പർവ്വത മേഖല |
| എക്കൽമണ്ണ് | വളരെയധികം ഫലപുഷ്ടി | ഉത്തര മഹാ സമതലം, തീര സമതലം |
| മരുഭൂമി മണ്ണ് | ഈർപ്പം തീരെയില്ലാത്ത ലവണാംശമുള്ള മണ്ണ് | ഉത്തരമഹാ സമതലത്തിന്റെ പടിഞ്ഞാറ് ഭാഗം (ഥാർ മരുഭൂമി) |
| കറുത്തമണ്ണ് | പരുത്തി മണ്ണ് | ഉപദ്വീപിയ പീഠഭൂമി (ഡക്കാൺ പ്രദേശം) |
| ചെമ്മണ്ണ് | ഫലപുഷ്ടി കുറവ്, ഇരുമ്പിന്റെ അംശം ചുവപ്പ് നിറം നൽകുന്നു. | ഉപദ്വീപിയ പീഠഭൂമി |
| ലാറ്ററൈറ്റ് മണ്ണ് | വളരെ കുറഞ്ഞ ഫലപുഷ്ടി | (മഴയും വേനലും മാറി മാറി അനുഭവപ്പെടുന്ന ഭൂപ്രദേശം)ഉപദ്വീപിയ പീഠഭൂമി |

---

# അധ്യായം : 8
# ഇന്ത്യ- സാമ്പത്തിക ഭൂമിശാസ്ത്രം

ഇന്ത്യയിലെ കാർഷിക കാലങ്ങളും കാർഷിക കാലങ്ങളെ അടിസ്ഥാനമാക്കിയുള്ള കാർഷിക വിളകളും വർഗ്ഗീകരണം :

| കാർഷിക കാലങ്ങൾ | വിളയിറക്കൽ കാലം | വിളവെടുപ്പ് കാലം | പ്രധാന വിളകൾ |
|---|---|---|---|
| ഖാരിഫ് | ജൂൺ(മൺസൂണിന്റെ ആരംഭം) | നവംബർ ആദ്യവാരം(മൺസൂണിന്റെ അവസാനം) | നെല്ല്,ചോളം,പരുത്തി,തിന വിളകൾ,ചണം,കരിമ്പ്, നിലക്കടല |
| റാബി | നവംബർ മധ്യം(ശൈത്യകാലാരംഭം) | മാർച്ച് (വേനലിന്റെ ആരംഭം) | ഗോതമ്പ്,പുകയില,കടുക്,പയർവർഗ്ഗങ്ങൾ |
| സൈദ് | മാർച്ച് (വേനലിന്റെ ആരംഭം) | ജൂൺ (മൺസൂണിന്റെ ആരംഭം) | പഴം, പച്ചക്കറികൾ |

ഇന്ത്യയിലെ കാർഷിക വിളകൾ : ഭക്ഷ്യവിളകൾ

| വിളകൾ | മഴ | താപനില | മണ്ണ് |
|---|---|---|---|
| നെല്ല് | 150 cm | 24℃ | എക്കൽ മണ്ണ് |
| ഗോതമ്പ് | 75cm | 10℃ -26℃ | എക്കൽ മണ്ണ് |
| ചോളം | 75cm | ഉഷ്ണകാലത്തും,ശൈത്യകാലത്തും കൃഷി ചെയ്യാം | ഫലഭൂയിഷ്ഠമായ മണ്ണ് |

മുംബൈ പ്രധാന പരുത്തി തുണി വ്യവസായ കേന്ദ്രമായി മാറാൻ അനുകൂലമായ സാഹചര്യങ്ങൾ :

- അസംസ്കൃത വസ്തുക്കളുടെ ലഭ്യത
- കുറഞ്ഞ നിരക്കിൽ ഊർജ ലഭ്യത
- തുറമുഖം കേന്ദ്രീകരിച്ച് കയറ്റുമതി സാധ്യത
- ശുദ്ധജല ലഭ്യത

പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ താരതമ്യ പഠനം :

| പാരമ്പര്യ ഊർജ്ജ സ്രോതസ്സുകൾ | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ |
|---|---|
| പുനസ്ഥാപിക്കപ്പെടാത്തവ<br><br>പരിസ്ഥിതി മലിനീകരണം സൃഷ്ടിക്കുന്നു.<br><br>ചെലവ് കൂടുതൽ<br><br>ഉദാ :- കൽക്കരി, പെട്രോളിയം, പ്രകൃതി വാതകം | പുനസ്ഥാപന ശേഷിയുള്ളത്<br><br>പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കാത്തത്<br><br>ചെലവ് കുറഞ്ഞത്.<br><br>ഉദാ:- സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം, തിരമാലകളിൽ നിന്നുള്ള ഊർജ്ജം, വേലിയോർജ്ജം |

ജലഗതാഗതത്തിന്റെ പൊതുവായ മേന്മകൾ :

- ഏറ്റവും ചെലവ് കുറഞ്ഞ ഗതാഗത മാർഗ്ഗം
- വൻ തോതിലുള്ള ചരക്ക് ഗതാഗതത്തിന് ഉചിതം
- പരിസ്ഥിതി മലിനീകരണം ഉണ്ടാകുന്നില്ല.
- അന്താരാഷ്ട്ര വ്യാപാരത്തിന് ഏറ്റവും അനുയോജ്യം

ഇന്ത്യയിൽ ഉൾനാടൻ ജല ഗതാഗതത്തിന് പ്രയോജനപ്പെടുത്താവുന്ന ജലാശയങ്ങൾ :

- ഗംഗ ബ്രഹ്മപുത്ര നദികളും പോഷക നദികളും
- ഗോദാവരി കൃഷ്ണ നദികളും പോഷക നദികളും
- ആന്ധ്ര തമിഴ് നാട് പ്രദേശത്തെ ബക്കിങ് ഹാം കനാൽ
- കേരളത്തിലെ കായലുകൾ

ഇന്ത്യയിലെ തുറമുഖങ്ങൾ താഴെ നൽകിയിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക :

- കണ്ട് ല
- മുംബൈ
- മംഗലാപുരം
- കൊച്ചി
- തൂത്തുകുടി
- ചെന്നൈ
- വിശാഖപട്ടണം
- കൊൽക്കത്ത

A കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി B കോളത്തിലുള്ളവയെ ക്രമപ്പെടുത്തുക :

| A | B |
|---|---|
| മുംബൈ ഹൈ<br>ഝാരിയ<br>നെയ് വേലി<br>മുംബൈ | കൽക്കരി പാടം<br>കോട്ടണോ പോളിസ്<br>എണ്ണ പാടം<br>ലീഗ് നൈറ്റ് |

ഉത്തരം
മുംബൈ ഹൈ - എണ്ണപ്പാടം
ഝാരിയ - കൽക്കരി പാടം
നെയ് വേലി - ലീഗ് നൈറ്റ്
മുംബൈ - കോട്ടണോ പോളീസ്.

---

# അദ്ധ്യായം : 9

# ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും

പദസൂര്യൻ നിർമ്മിക്കുക :

നോട്ട് അച്ചടിച്ചിറക്കൽ




- വായ്പ നിയന്ത്രിക്കൽ - ബാങ്കുകളുടെ ബേങ്ക് - സർക്കാറിന്റെ ബേങ്ക്

വാണിജ്യ ബേങ്കിലെ നിക്ഷേപങ്ങൾ :

a ) സമ്പാദ്യം നിക്ഷേപം : സമ്പാദ്യ ശീലം വളർത്തുക ,കുറഞ്ഞ പലിശ നിരക്ക് ,നിയന്ത്രണവിധേയമായി പണം പിൻവലിക്കാം.

b ) പ്രചലിത നിക്ഷേപം : വ്യാപാരികളും വ്യവസായികളും കൂടുതൽ ഉപയോഗിക്കുന്നു, നിക്ഷേപത്തിന് പലിശ ഇല്ല

ഒരു ദിവസം തന്നെ ധാരാളം പ്രാവശ്യം നിക്ഷേപിക്കാനും പിൻവലിക്കാനും അവസരമുണ്ട്.

c ) സ്ഥിരനിക്ഷേപം : നിശ്ചിത കാലയളവിലേക്ക് സേവിക്കാം, കാലാവധി അടിസ്ഥാനമാക്കിയാണ് പലിശനിരക്ക്.

d ) ആവർത്തിത നിക്ഷേപം : ഒരു നിശ്ചിത തുക വീതം ഒരോ മാസവും നിശ്ചിത കാലയളവിലേക്ക് നിക്ഷേപിക്കാം, സ്ഥിരനിക്ഷേപത്തേക്കാൾ പലിശ കുറവാണ്.

ബേങ്കുകൾ വായ്പ നൽകുന്നത് എന്തൊക്കെ ആവശ്യങ്ങൾക്കാണ് :

- കൃഷി ആവശ്യങ്ങൾക്ക്
- വ്യവസായ ആവശ്യങ്ങൾക്ക്
- വീട് നിർമ്മിക്കുവാൻ
- വാഹനങ്ങൾ വാങ്ങുവാൻ
- വീട്ടുപകരണങ്ങൾ വാങ്ങുവാൻ.

ഇലക്ട്രോണിക് ബേങ്കിന്റെ പ്രയോജനങ്ങൾ :

a ) കുറഞ്ഞ സമയം മതിയാകും

b) സർവീസ് ചാർജ് കുറവാണ്

c) വീട്ടിൽ നിന്നു തന്നെ ലോകത്തെവിടെയും പണമയക്കാനും ബില്ലുകൾ അടക്കാനും കഴിയും.

സഹകരണ ബേങ്കുകളുടെ പ്രധാന ഉദ്ദേശങ്ങളിലൊന്നാണ് ജനങ്ങൾക്ക് വായ്പ നൽകുക എന്നത് - മറ്റു ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

- സ്വകാര്യ പണം ഇടപാടുകളിൽ നിന്നും ഗ്രാമീണരെ രക്ഷിക്കുക.
- കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുക.
- ജനങ്ങളിൽ സമ്പാദ്യശീലം വളർത്തുക.

മൈക്രോ ഫിനാൻസ് സാധാരണക്കാർക്ക് എങ്ങിനെ സഹായകരമാകുമെന്ന് വിലയിരുത്തുക :

- സമ്പാദ്യ ശീലം വളർത്തുക
- വായ്പ നൽകുക.
- ചെറുകിട സംരംഭങ്ങൾ ആരംഭിക്കുക.
- പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുക.

---

# അദ്ധ്യായം : 10

# <u>ഉപഭോക്താവ് സംതൃപ്തിയും സംരക്ഷണവും</u>

1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം :

- ഉപഭോക്ത വിദ്യാഭ്യാസം ലഭിക്കാനുള്ള അവകാശം
- ന്യായവിലയ്ക്ക് സാധനവും സേവനവും ലഭിക്കാനുള്ള അവകാശം
- അധികാരികളുടെ മുമ്പിൽ തർക്കങ്ങൾക്ക് പരിഹാരം തേടാനുള്ള അവകാശം
- സാധനങ്ങളുടെയും സേവനങ്ങളുടെയും ഗുണമേന്മ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശം

ഉപഭോക്തൃ സംരക്ഷണത്തിനുള്ള ഭരണതലത്തിലെ സംവിധാനങ്ങൾ :

ലീഗൽ മെട്രോളജി വകുപ്പ് — അളവ് തൂക്ക നിലവാരം ഉറപ്പു വരുത്തുന്നു

ഭക്ഷ്യസുരക്ഷാ വകുപ്പ് — ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നു

കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മിറ്റി — മരുന്നുകളുടെ വില നിയന്ത്രിക്കുന്നു

ഡ്രഗ്സ് കൺട്രോൾ വകുപ്പ് — മരുന്നുകളുടെ ഗുണമേന്മ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുന്നു

ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ — ഉല്പാദനം വിതരണം സംഭരണം വില്പന ഇറക്കുമതി തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നു.

ഉപഭോക്തൃ കോടതികൾ :

| ഉപഭോക്തൃ കോടതികൾ | ഘടന | അധികാരം |
|---|---|---|
| ജില്ലാ ഉപഭോക്ത തർക്ക പരിഹാര ഫോറം | ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പ്രസിഡൻറ് രണ്ട് അംഗങ്ങളും ഒരു അംഗം എങ്കിലും വനിത | 20ലക്ഷം രൂപ വരെയുള്ള നഷ്ടപരിഹാരം |
| സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന പ്രസിഡൻറ് രണ്ട് അംഗങ്ങളും ഒരു അംഗം എങ്കിലും വനിത | 20ലക്ഷം മുതൽ 1കോടി വരെ നഷ്ടപരിഹാരം |
| ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | ദേശീയതലത്തിൽ പ്രവർത്തിക്കുന്ന പ്രസിഡൻറും നാലിൽ കുറയാത്ത അംഗങ്ങളും | 1കോടി രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം |

ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്ന സന്ദർഭങ്ങൾ :

- ഗുണമേന്മയില്ലാത്ത സാധനങ്ങൾ വിൽക്കുന്നത്
- മായം ചേർക്കുന്നത്
- അമിതവില ഈടാക്കുന്നത്
- അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുന്നത്.

ഉപഭോക്തൃ തർക്കത്തിൽ പരാതി നൽകാവുന്ന സന്ദർഭങ്ങൾ :

- വിലക്ക് വാങ്ങിയ സാധനത്തിന് കേടുപാടുകൾ സംഭവിക്കുക.
- മായം ചേർക്കൽ നിരോധന നിയമം ലംഘിക്കുക.
- വിൽപന ത്വരിതപ്പെടുത്തുന്നതിന് വേണ്ടി തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകുക.
- ഹാനികരമായതോ അല്ലാത്തതോ ആയ സാധനങ്ങൾ വിൽക്കുക.

---